ശ്രീ. വി. റ്റി. ബൽറാം: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. മലയാളത്തിന്റെ മഹാകവി വള്ളത്തോൾ കേരളത്തെ വർണ്ണിച്ചിരിക്കുന്നതുപോലെ കന്യാകുമാരിക്കും ഗോകർണത്തിനുമിടയിൽ നീണ്ടു കിടക്കുന്ന നമ്മുടെ കേരളം തലചായ്ക്കുന്നത് പച്ചയാം വിരിപ്പിട്ട സഹ്യനിലാണ്. സഹ്യന്റെ മുഖമുദ്ര തന്നെ പച്ചവിരിപ്പാണ്. ലോകത്തിലെ ഏറെ പഴക്കമുള്ള പർവ്വതനിരകളുടെ കൂട്ടത്തിലാണ് നമ്മുടെ സഹ്യപർവ്വത നിരകളുടെ, പശ്ചിമഘട്ടത്തിന്റെ സ്ഥാനം. ഹിമാലയത്തെക്കാൾ പഴക്കമുണ്ടതിന്. ഏറ്റവും കൂടുതൽ ജൈവവൈവിദ്ധ്യത്തെ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ് നമ്മുടെ പശ്ചിമഘട്ടം. അയ്യായിരത്തിലേറെ അപൂർവ്വ സസ്യങ്ങൾ ഇവിടെയുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നൂറ്റിനാൽപ്പതിലേറെ സസ്തന ജീവി വർഗ്ഗങ്ങളുള്ളതിൽ പതിനാറെണ്ണം ഇവിടെ മാത്രമാണ് കാണപ്പെടുന്നത്. ഇതിൽപ്പെട്ട 52 ജീവിവർഗ്ഗങ്ങൾ വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന ഒരു ദുര്യോഗം കൂടി നമ്മൾ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഐക്യരാഷ്ട്ര സഭയുടെ യുനെസ്കോ പശ്ചിമഘട്ടത്തിന് ലോക പൈതൃക പദവി നൽകാനുള്ള തീരുമാനമെടുത്തുകൊണ്ട് കടന്നുവരുന്നത്. ഓരോ മലയാളിയേയും ദക്ഷിണേന്ത്യക്കാരനേയും സംബന്ധിച്ചിടത്തോളം ഇത് അഭിമാനകരമായ കാര്യമാണ്. ഈ പട്ടികയിൽ 39 മേഖലകൾ പരാമർശിക്കുന്നതിൽ 20 മേഖലകളും കേരളത്തിലാണെന്നുള്ളതാണ് നമുക്ക് ഏറെ ഗുണകരമായിട്ടുള്ളത്. രാജ്യാന്തര പരിസ്ഥിതി ഫണ്ടുകളിൽനിന്നും ഒരുപാട് ധനസ

ഹായം ഇതിന്റെ ഭാഗമായി കേരളത്തിന്റെ പ്രകൃതി സംരക്ഷണത്തിനും വനസംരക്ഷണത്തിനുമായി നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും. ഇതൊക്കെയാണെങ്കിലും ചിലർക്ക് ഈ പദവി അത്ര രുചിച്ചിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അത്തരക്കാർക്ക് അത് സ്വാഭാവികമാണ്. കാരണം ഇതിന്റെ ഭാഗമായി വനസംരക്ഷണത്തിനുവേണ്ടി, പ്രകൃതി സംരക്ഷണത്തിനുവേണ്ടി ചില നിയന്ത്രണങ്ങൾ സ്വാഭാവികമായും വരും. വലിയ ഖനികൾ ഇവിടെ നടത്തണമോ വേണ്ടയോ എന്ന പ്രശ്നം വരുമ്പോൾ ഖനികൾക്കെതിരായ നിലപാട് സ്വീകരിക്കേണ്ടതായി വരും. വലിയ അണക്കെട്ടുകൾ ഇനിയും പശ്ചിമഘട്ട മേഖലയിൽ വേണമോ എന്ന ചോദ്യം ഉയരുമ്പോൾ അതിനെതിരായ ചില നിയന്ത്രണങ്ങൾ ഇതിന്റെ ഭാഗമായി വരും. സ്വയംപ്രഖ്യാപിത വികസനവാദികൾക്ക് ഒരുപക്ഷേ അത് അത്ര തൃപ്തികരമായിരിക്കില്ല എന്ന യാഥാർത്ഥ്യം നമുക്ക് മുമ്പിൽ ഉള്ളപ്പോൾ അതിനെതിരെ ശക്തമായ നിലപാടെടുത്തുകൊണ്ട് മുന്നോട്ടുപോകാൻ ആർജ്ജവമുള്ള ഒരു ഭരണകൂടം കേരളത്തിലുണ്ടാകണമെന്നാണ് ഈ നാട് ആഗ്രഹിക്കുന്നത്. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. അതിൽ കേരളത്തിന് യോജിക്കാൻ കഴിയുന്ന വിഷയങ്ങളുണ്ട്. എന്നാൽ ചില വിയോജിപ്പുകളുമുണ്ട്. വിയോജിപ്പുകൾ ഉണ്ടെന്നതിന്റെ പേരിൽ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായി തള്ളിക്കളയണമെന്ന് അപ്പുറത്തുനിന്നും ചില ആളുകൾ പരാമർശിക്കുന്നത് ദൗർഭാഗ്യകരമാണ്. ഒരിക്കലും ഈ

ഗവൺമെന്റ് ആ ദിശയിലേയ്ക്ക് ചിന്തിക്കരുതെന്നാണ് ഈ നാടിന്റെ ഭാവിയെക്കുറിച്ച് പ്രതീക്ഷകളുള്ള യുവതലമുറ ആഗ്രഹിക്കുന്നതെന്ന് പ്രത്യേകമായി എടുത്തുപറയുകയാണ്. വിയോജിപ്പുള്ള മേഖലകളോട് വിയോജിപ്പ് പ്രഖ്യാപിക്കുക. യഥാർത്ഥത്തിൽ ഇതൊരു വലിയ സാദ്ധ്യത കൂടിയാണ് നമുക്ക് മുമ്പിൽ തുറന്നുതരുന്നത്. പത്ത്-നാന്നൂറ് പഞ്ചായ ത്തുകൾ ഈ മേഖലയുടെ ഭാഗമായി ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം നമുക്ക് മുമ്പിൽ തുറന്നുവയ്ക്കുന്നത് ചില സാദ്ധ്യതകൾ കൂടിയാണ്. അതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ പ്രക്രിയ വിപുലപ്പെ ടുത്താൻ നമുക്ക് സാധിച്ചാൽ ഈ പ്രദേശങ്ങളുടെ വികസനത്തിന് സസ്റ്റൈനബിൾ ഡെവലപ്പ്മെന്റിനുതകുന്ന തരത്തിലുള്ള പ്രത്യേകമായ ഡെവലപ്പ്മെന്റ് പ്ലാൻ  ഉരുത്തിരിഞ്ഞെടുക്കാൻ സാധിച്ചാൽ അത് കേരള ത്തിന്റെ ഭാവി വികസനത്തിന് വലിയ പ്രയോജനകരമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് വളരെ വിദഗ്ദ്ധമായ, ആഴത്തിലു ള്ള ചർച്ചകളും പഠനങ്ങളും നടത്തിക്കൊണ്ട് അത് കേരളത്തിന് പ്രയോജ നപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്. വലിയ ഡാമുകൾ, വലിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം പലർക്കും ആകർഷണമാണ്. പക്ഷേ ലോകം മറിച്ചാണ് ചിന്തിക്കുന്നത്. ലോകം ഡാമുകളിൽ നിന്നും തിരിച്ചുപോകുകയാണ്. വലിയ ഡാമുക ളുടെ പാരിസ്ഥിതികമായ, ദുരന്തപരമായ പ്രത്യാഘാതങ്ങളെക്കുറിച്ച്

ലോകം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ നാടിന് ആ കാഴ്ച്ചപ്പാടിനെ പൂർണ്ണമായി നിരാകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കില്ല. അതിരപ്പിള്ളിയുടെ പേരിൽ, പാത്രക്കടവിന്റെ പേരിൽ വീണ്ടും പുതിയ പദ്ധതികൾ വരണമെന്ന നിർദ്ദേശങ്ങൾ പലഭാഗത്തു നിന്നും വരുമ്പോൾ അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു കൊണ്ട് ഈ നാടിന്റെ പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ബാദ്ധ്യത വനം വകുപ്പിന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പല സ്ഥാപിത താല്പര്യക്കാരും അവ രുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഭരണാധികാരികളെ തെറ്റിദ്ധ രിപ്പിക്കുന്നതിനുള്ള ആസൂത്രിതമായ അജണ്ട നടത്തുന്നുണ്ട്. വലിയ ലോബികളുണ്ട്. അവർ നേട്ടങ്ങളുടെ പെരുപ്പിച്ച കണക്കുകൾ കാണിച്ചിട്ട്. ദോഷങ്ങൾ ലഘൂകരിച്ച് കാണിക്കും. പക്ഷേ ഇതിന്റെ ആത്യന്തികമായ പ്രത്യാഘാതത്തിന് നമ്മൾ വരുംതലമുറയോട് മറുപടി പറയേണ്ടി വരുമെന്ന ബോധ്യത്തോടുകൂടിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെ ടുക്കേണ്ടത്. അതിരപ്പിള്ളി പോലുള്ള വിനാശകരമായ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകരുതെന്ന അഭിപ്രായം ഞാൻ ഇവിടെ മുന്നോട്ടുവയ്ക്കുകയാണ്. വർഷങ്ങൾക്ക് മുമ്പ് സുപ്രീംകോടതി Goa Foundation v. Union of India എന്നു പറയുന്ന കേസ്സിൽ വൈൽഡ് ലൈഫ് സാങ്ച്വറികളുടേയും നാഷണൽ പാർക്കുകളുടേയും ബൗണ്ടറികളോട് ചേർന്നുള്ള പ്രദേശങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളായി ഡിക്ല

യർ ചെയ്യണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര സർക്കാർ അതിന്റെ ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. Guidelines of declaring ecosensitive zones എന്ന പേരിൽ സംസ്ഥാന സർക്കാരുകൾക്ക് അത് അയച്ചുകൊടുത്തിട്ടുമുണ്ട്. ദൗർഭാഗ്യവശാൽ കേരളം ഇതുവരെ അത്തര ത്തിലുള്ള ഇക്കോ സെൻസിറ്റീവ് സോണുകൾ ഡിക്ലയർ ചെയ്യാനുള്ള നട പടികളുമായി മുന്നോട്ടുവന്നിട്ടില്ല. അതിനൊരു പരിഹാരമുണ്ടാക്കണം. വനഭൂമികളോടു ചേർന്നുനിൽക്കുന്ന പ്രദേശത്ത് രണ്ടു കിലോമീറ്റർ ചുറ്റ ളവ് വരെ എന്ന് പറയുന്നുണ്ടെങ്കിലും കേരളത്തിന്റെ സാഹചര്യത്തിൽ അത് നമുക്ക് പരിമിതപ്പെടുത്താവുന്നതാണ്. അത്തരത്തിലുള്ള കൃത്യമായ സോണുകൾ ഉണ്ടാവുകയാണെങ്കിൽ വനനശീകരണത്തിന് തടയിടാൻ വനം വകുപ്പിന് കഴിയും. പലപ്പോഴും വനം വകുപ്പിന് അതിന് കഴിയാതിരി ക്കുന്നത് ഇത്തരത്തിലുള്ള സോണിംഗ് ഏർപ്പെടുത്താത്തതുകൊണ്ടാണ്. റെസ്ട്രിക്ഷനല്ല ഉദ്ദേശിക്കുന്നത്, ചെറിയൊരു റെഗുലേഷനാണ്. വനഭൂമി യോടു ചേർന്നുള്ള വലിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു റെഗുലേ ഷൻ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഇതുകൊണ്ട് ഒരുപാട് കുഴ പ്പങ്ങളുണ്ടാകുന്നുണ്ട്. ഉദാഹരണത്തിന് തേക്കടിയിലെ പെരിയാർ ടൈഗർ റിസർവ്വിന് തൊട്ടപ്പുറത്ത് വനഭൂമിയോടുചേർന്ന് 50 മീറ്റർ പോലുമില്ല. അവിടെ ഏഴുനില കെട്ടിടം വരികയാണ്. ശബ്ദംപോലും പുറത്തുവ രാത്ത സൈലന്റ്‌വാലിയിൽ കുടിവെള്ള ബോട്ട്‌ലിംഗ് പ്ലാന്റ് ആരംഭിക്കാനി രിക്കുകയാണ്. സൈലന്റ്‌വാലിയെ വച്ചുകൊണ്ടാണ് അവർ മാർക്കറ്റ്

ചെയ്യുന്നത്. അവിടെ ട്രീടോപ്പ് റിസോർട്ടിന്റെ ഉദ്ഘാടനത്തിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പങ്കെടുക്കാനിരിക്കുകയായിരുന്നു. അദ്ദേഹം അവസാന നിമിഷം പിൻമാറി, ഏതായാലും അത് നല്ലകാര്യം. പക്ഷേ ഇത്തരത്തിലുള്ള കാര്യങ്ങളിൽ വനം വകുപ്പിന് ഒരു പരിധിവിട്ട് നടപടി യെടുക്കാൻ സാധിക്കാത്തത് ഇതെല്ലാം വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യഭൂമിയിലാണെന്നുള്ളതുകൊണ്ടാണ്. ഈ സാഹചര്യത്തിലാണ് ഇക്കോ സെൻസിറ്റീവ് സോണുകളുടെ പ്രസക്തി നമ്മൾ മനസ്സിലാക്കേണ്ട ത്. ഇക്കോ ടൂറിസം വലിയ ശ്രദ്ധയാകർഷിച്ചുവരികയാണ്. അതിന് കേരള ത്തിൽ വലിയ സാധ്യതകളുണ്ട്. പക്ഷേ ആ സാധ്യതകളൊക്കെ പ്രയോജ നപ്പെടുത്തുമ്പോഴും കർശനമായ നിയന്ത്രണത്തോടുകൂടി, വ്യക്തമായ കാഴ്ചപ്പാടോടുകൂടി മാത്രമേ ഇക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ പാടുള്ളൂ എന്ന കൃത്യമായ നിലപാട് വനം വകുപ്പിന് ഉണ്ടാകേണ്ടിയിരി ക്കുന്നു. ശിരുവാണി അടക്കമുള്ള പ്രദേശത്ത് വലിയ സാധ്യതകളുണ്ട്. പക്ഷേ അവിടേയ്ക്ക് അനിയന്ത്രിതമായി സന്ദർശകരെ കടത്തിവിടുകയാ ണെങ്കിൽ, സ്വകാര്യ വാഹനങ്ങളെ കടത്തിവിടുകയാണെങ്കിൽ, മദ്യപി ക്കാനും മറ്റുമുള്ള ഒരു ഇടത്താവളമായി കാണുന്ന സന്ദർശകരെ അവി ടേയ്ക്ക് കൂട്ടമായി പറഞ്ഞയയ്ക്കുകയാണെങ്കിൽ പരിസ്ഥിതിക്ക് വലിയ ദോഷമുണ്ടാകും. അതുമനസ്സിലാക്കി കൃത്യമായ സമയക്രമം പാലിച്ചു കൊണ്ട്, രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ പകൽസമയത്ത് മാത്രം, വനം വകുപ്പിന്റെ പ്രത്യേകമായി തയ്യാറാക്കിയ വാഹനങ്ങളിൽ

മാത്രം സഞ്ചാരികളെ അവിടേയ്ക്ക് പ്രവേശിപ്പിച്ചുകൊണ്ടുമാത്രമേ ഇക്കോ ടൂറിസം പ്രോജക്ടുമായി മുന്നോട്ടുപോകാൻ പാടുള്ളൂ എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. വനം വകുപ്പിലെ താഴേക്കിടയിലെ ഉദ്യോഗസ്ഥരുടെ കാര്യം വളരെ കഷ്ടമാണ്. യഥാർത്ഥ വനപാലകരായിട്ടുള്ള ഗാർഡുമാരും വാച്ചർമാരുമൊക്കെ നിരവധി വർഷങ്ങളായി കൊടിയ പീഡനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ വനംവകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട പ്രസംഗത്തിൽ ഞാൻ ഇക്കാര്യം ഉന്നയിച്ചു. ഒരു വർഷം കൊണ്ട് കാര്യമായ പുരോഗതി ഈ മേഖലയിലുണ്ടായി എന്ന് പറയാൻ സാധിക്കില്ല എന്ന് തുറന്നുപറയുകയാണ്. ഇരുപത് വർഷമായി ജോലിയിലുള്ള ഗാർഡുമാരെപ്പോലും സ്ഥിരപ്പെടുത്താത്ത അവസ്ഥയുണ്ട്. അവരെ സ്ഥിരപ്പെടുത്താനുള്ള ഒരു തീരുമാനമുണ്ടാകണം. മൂന്നാറിലുംമറ്റും കൊടുംതണുപ്പിൽ ചാക്ക് മൂടിപ്പുതച്ചുകൊണ്ടാണ് യഥാർത്ഥ വനപാലകർ കഴിയുന്നത്. ഇവർക്ക് മാന്യമായ ഒരു സാഹചര്യമുണ്ടാകണം. പട്ടാളക്കാർക്ക് നൽകുന്നതുപോലെയുള്ള ശ്രദ്ധ ഇവരുടെ കാര്യത്തിലുമുണ്ടാകണം. അവർക്ക് സ്പെഷ്യൽ അലവൻസ് നൽകാൻ തയ്യാറാകണം. 2000 രൂപ കൊടുത്താൽ കിട്ടുന്ന സ്ലീപ്പിംഗ് ബാഗുകളെങ്കിലും ഇത്തരത്തിലുള്ള ഗാർഡുമാർക്ക് നൽകാൻ തയ്യാറായാൽ അവർക്ക് വലിയ പ്രയോജനമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി രാവിലെപാട്ടക്കരാർ ലംഘിച്ച തോട്ടങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. വളരെ മാതൃകാപരമായ തീരുമാനമാണത്. പാട്ടക്കരാർ ലംഘിച്ച മുഴുവൻ തോട്ട

ങ്ങളും ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. പക്ഷേ, പൊസഷൻ ഏറ്റെടുക്കാൻ ഒരു മാസത്തെ സമയം കൊടുക്കുന്നതുകൊണ്ട്, അവർക്ക് ഒഴിഞ്ഞുപോകാൻ സമയം കൊടുക്കുന്നതുകൊണ്ട്, ആ ഒരു മാസത്തിനകം കോടതിയെ സമീപിച്ച് സ്റ്റേ കിട്ടാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഇത് പലപ്പോഴുമുണ്ടാകുന്ന ദൗർഭാഗ്യകരമായ അവസ്ഥയാണ്. ഇമ്മീഡിയറ്റായി സമയം നൽകാതെ അവരെ ഒഴിപ്പിച്ച് ഗവൺമെന്റിലേയ്ക്ക് ഭൂമി തിരിച്ചെടുക്കാനുള്ള ഒരു ജാഗ്രത, കൃത്യമായ കർമ്മപരിപാടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഏറ്റവും പ്രധാനപ്പെട്ട പല സ്ഥാപനങ്ങളും, ഉദാഹരണത്തിന്, ഹാരിസൺ മലയാളം പോലുള്ള സ്ഥാപനങ്ങൾ പതിനായിരക്കണക്കിന് ഏക്കർ വനഭൂമിയും റവന്യൂ ഭൂമിയും ഇന്നും കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. ഹാരിസൺ മലയാളമെന്നു പറയുന്ന ഒറ്റ സ്ഥാപനത്തിന്റെ പേരിൽ മാത്രം ഏതാണ്ട് അമ്പതിനായിത്തലധികം ഏക്കർ ഭൂമി ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നാണ് അറിയാൻ സാധിക്കുന്നത്. ഇവരുടെ ഭൂമിയിൽ യാതൊരു വിധ സർവ്വേയും നടക്കാത്ത സാഹചര്യത്തിൽ ഇത് 50000 ആണോ, ഒരു ലക്ഷമാണോ, ഒന്നര ലക്ഷമാണോ എന്നുപറയാൻപോലും സാധിക്കില്ല. കൊല്ലത്തെ സബ് രജിസ്ട്രാർ ഓഫീസിലെ 1600/1923 എന്നു പറയുന്ന ഒറ്റ പട്ടയത്തിൽമാത്രം ഏതാണ്ട് 25000 ഏക്കർ ഭൂമി ഹാരിസൺ മലയാളം കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. ഒറിജിനൽ ആധാരം മലയാളത്തിലാണെന്നാണ് അറിയാൻ സാധിക്കുന്നത്. പക്ഷേ ഹാരിസൺ മലയാളം

കോടതിയിൽ സമർപ്പിച്ച നോട്ടറി അറ്റസ്റ്റ് ചെയ്ത ആധാരത്തിന്റെ കോപ്പി ഇംഗ്ലീഷിലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ചിരുന്നു. ആ അന്വേഷണത്തിന്റെ തുടർനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആ അന്വേഷണത്തിന്മേൽ കുറ്റക്കാരായി കണ്ടെത്തുന്നവരെ അറ്റസ്റ്റ് ചെയ്തുകൊണ്ട്, പദവി ദുരുപയോഗം ചെയ്ത നോട്ടറികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞാൽ, 25000 ഏക്കർ ഭൂമി തിരിച്ചെടുക്കാൻ സാധിച്ചാൽ, ആ ഒരൊറ്റ നടപടിയിലൂടെത്തന്നെ കേരളത്തിലെ ഭൂ രഹിതരായ മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ നമുക്ക് കഴിയും എന്ന സാഹചര്യം മനസ്സിലാക്കേണ്ടതുണ്ട്. ഇതിനുവേണ്ടി പ്രത്യേകമായി ഒരു നിയമം നടപ്പിലാക്കാൻ സാധിക്കണം. ടാറ്റയുടെ കാര്യത്തിൽ, കണ്ണൻ ദേവൻ ലാന്റ് റിസംപ്ഷൻ ആക്ട് എന്നു പറയുന്ന ഒരു നിയമം തന്നെ നിർമ്മിച്ചുകൊണ്ട് ഏതാണ്ട് ഒന്നര ലക്ഷത്തോളം ഏക്കർ ഭൂമി തിരിച്ചെടുക്കാൻ നമുക്ക് സാധിച്ചുവെങ്കിൽ സമാനമായ നിയമനിർമ്മാണം നടത്തിക്കൊണ്ട്, ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചുകൊണ്ട് അത്തരത്തിൽ അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന ഭൂ മുതലാളിമാരിൽ നിന്നും ഈ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി പൊതുഭൂമി തിരിച്ചെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാന്യനായ പഞ്ചായത്ത് വകുപ്പുമന്ത്രി, സാമൂഹ്യക്ഷേമവകുപ്പിന്റെ ചുമതല കൂടി കൈകാര്യം ചെയ്യുന്ന മുനീർ

സാഹിബിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് വകുപ്പിലും സാമൂഹ്യക്ഷേമ വകുപ്പിലും നിരവധി മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത് പ്രത്യേകമായി അഭിനന്ദിക്കപ്പെടേണ്ട കാര്യമാണ്. പഞ്ചായത്തുകൾക്ക് അഞ്ചു വർഷത്തെ പദ്ധതികൾവരെ ആസൂത്രണം ചെയ്യാനുള്ള അവകാശം നൽകുന്നു. അതിന് നമ്മുടെ ആസൂത്രണ പ്രക്രിയയിൽ വലിയ വിപ്ലവംതന്നെ  സൃഷ്ടിക്കാൻ സാധിക്കും. പക്ഷേ ഒരുപാട് കാര്യങ്ങൾ ഇനിയും മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 140 മോഡൽ അംഗൻവാടികൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം ഗവൺമെന്റ് എടുക്കുന്നതായി കണ്ടു. വളരെ അഭിനന്ദനാർഹമായ കാര്യമാണ്. അപ്പോൾപോലും ബാക്കിയുള്ള, നിലനിൽക്കുന്ന 33000-ത്തോളം അംഗൻവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ട സാഹചര്യംകൂടി പ്രത്യേകം പരിശോധിക്കണം. ഏതാണ്ട് 11000-ത്തോളം അംഗൻവാടികൾക്ക് നിലവിൽ സ്ഥലമില്ല, കെട്ടിടമില്ല. സ്വന്തമായി കെട്ടിടമില്ലാത്ത നിലവിലുള്ള അംഗൻവാടികൾക്ക് സമയബന്ധിതമായി കെട്ടിടവും സ്ഥലവും അനുവദിച്ച് മാതൃകാപരമായി ഉയർത്തിക്കൊണ്ടുവരാനുള്ള സമീപനമുണ്ടാകണം. ശ്രുതിതരംഗം എന്ന പേരിൽ ഒരു മാതൃകാപദ്ധതി - ഗാനഗന്ധർവൻ യേശുദാസിന്റെ നിർദ്ദേശം കിട്ടിയപ്പോൾ അടിയന്തിരമായി ക്യാബിനറ്റ് യോഗം ചേർന്ന് അതിവേഗം ബഹുദൂരം എങ്ങനെയാണ് നടപടിയെടുക്കേണ്ടതെന്ന് കൃത്യമായി ഇന്നാട്ടിലെ ജനങ്ങൾക്ക് മുമ്പിൽ ബോദ്ധ്യപ്പെടുത്തിക്കൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വ

ത്തിലുള്ള ഗവൺമെന്റ് ശ്രുതിതരംഗം എന്നു പറയുന്ന കോക്ലിയർ ഇംപ്ലാ ന്റേഷൻ പദ്ധതിയുമായി മുന്നോട്ടുപോയത്. പൊതുസമൂഹം വളരെ ആദര വോടുകൂടി, വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ഈ പദ്ധതി കൂടുതൽ കുട്ടികളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടിയുണ്ടാകണം. മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മാത്രമാണ് ഇപ്പോൾ അതിനുള്ള സഹായം നൽകുന്നതെങ്കിൽ അർഹതപ്പെട്ട, അഞ്ചു വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്ന തരത്തിലുള്ള തീരുമാനം ഗവൺമെന്റ് എടുക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുക യാണ്. മാലിന്യ സംസ്ക്കരണം പഞ്ചായത്തുകളുടെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീർപ്പുമുട്ടുകയാണ്. നാട്ടിലെ ജനങ്ങൾക്ക് മൂക്കുപൊത്താതെ പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യത്തിലെത്തയിരിക്കുകയാണ്. ഏറ്റവും കൂടുതൽ മാലിന്യങ്ങളു ണ്ടാകുന്നത് അറവുശാലകളിൽ നിന്നാണ്. അറവുശാലകൾക്ക് മാതൃകാപ രമായ രീതിയിൽ സപ്പോർട്ട് നൽകുന്നതിനുള്ള ഒരു പദ്ധതിയുമായി ഗവൺമെന്റ് കടന്നുവരുന്നു. 10 ലക്ഷം രൂപയാണ് ഇതിന്റെ സബ്സിഡി യായി ഗവൺമെന്റ് നൽകുന്നതെങ്കിലും അത് നടപ്പിലാക്കണമെങ്കിൽ 50–55 ലക്ഷത്തോളം രൂപ വേണ്ടിവരും. ബഹുമാന്യനായ പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയോട് എനിക്കഭ്യർത്ഥിക്കാനുള്ളത് മാതൃകാ അറവുശാലകൾക്കുവേണ്ട മുഴുവൻ തുകയും ഗവൺമെന്റ് സബ്സിഡിയായി അനുവദിച്ചുകൊണ്ട് അത് നടപ്പാക്കാൻ തീരുമാനിക്കേ

ണ്ടത് ഭാവികേരളത്തിന് വളരെ അത്യാന്താപേക്ഷിതമാണെന്നാണ്. തൃത്താലയിൽ ഇതിനുവേണ്ടി സ്ഥലം തരികയാണെങ്കിൽ അവിടെക്കൂടി അത് അങ്ങ് അനുവദിച്ചുതരണം. ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി ഞാൻ പിന്തുണയ്ക്കുകയാണ്. വികസനം പരിസ്ഥിതിക്ക് എതിരല്ല. വികസനംതന്നെ പരിസ്ഥിതിസംരക്ഷണമെന്നത് നാളെയുടെ വികസനമായി മാറുന്ന കാലഘട്ടത്തിൽ വികസനവും പരിസ്ഥിതിയും ഒത്തുചേർന്നുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു കാഴ്ച്ചപ്പാടിലേയ്ക്ക് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമായി ഭവിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് രണ്ടു ധനാഭ്യർത്ഥനകളേയും ഞാൻ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുന്നു.

ശ്രീ. കെ.കെ. നാരായണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇറച്ചിക്കടയിലെ അറവുകാരനെപോലെ തദ്ദേശസ്വയംഭരണ വകുപ്പിനെ കീറിമുറിച്ച് ഊരിവച്ചിരിക്കുകയാണ്. മാത്രമല്ല, അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വത്തെയും അതിന്റെ അന്ത:സത്തയെയും ഇവർ തകർത്തുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളുമായി മുന്നോട്ടുവന്നിരിക്കുന്നത്. ആദ്യം പഞ്ചായത്തുകളെ ഏൽപ്പിച്ച റോഡുകൾ ഇവർ തിരിച്ചെടുത്തു. ജനകീയാസൂത്രണത്തിന്റെ സ്ഥാനത്ത് ഉദ്യോഗസ്ഥ മേധാവിത്വമാണ് ഇവർ തിരിച്ചുകൊണ്ടുവന്നിരിക്കുന്നത്. സാങ്കേതിക വിദഗ്ദ്ധന്മാരുടെ കൂട്ടായ്മയായ റ്റി.എ.ജി. പിരിച്ചുവിട്ട് ആ സ്ഥാനത്തു ഉദ്യോഗസ്ഥന്മാരെ ഇവർ ചുമതല ഏൽപ്പിച്ചു. തനതുഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കാൻ പെർഫോമൻസ് ഓഡിറ്ററുടെ സാക്ഷ്യപത്രം വേണം എന്ന നിബന്ധന ഇവർ കൊണ്ടുവന്നു. ജില്ലാ ആസൂത്രണ സമിതിയുടെ (ഡി.പി.സി.)-യുടെ അധികാരം വെട്ടിക്കുറച്ച് അവർക്ക് മാർഗ്ഗരേഖപ്രകാരം പദ്ധതിയുടെ ഉള്ളടക്കം പരിശോധിക്കാൻ അധികാരമില്ല എന്ന് ഇവർ നിർദ്ദേശിച്ചു. തർക്കപ്രോജക്ടുകൾ പരിശോധിക്കാൻ ഡി.പി.സി.-ക്കു മുകളിൽ കളക്ടർ ചെയർമാനായി ഉദ്യോഗസ്ഥന്മാരെമാത്രം അംഗങ്ങളായ ഒരു അപ്പലേറ്റ് അതോറിറ്റിയെ ഇവർ കെട്ടിയുണ്ടാക്കുകയാണ് ചെയ്തത്. ഭരണഘടന പ്രകാരം സ്ഥാപിതമായ ഒരു ജനകീയ ഉന്നതാധികാര സമിതിയുടെ അധികാരമാണ് ഇവർ ഇങ്ങനെ വെട്ടിക്കുറച്ചിരിക്കുന്നത്. മാനദണ്ഡങ്ങൾ തെറ്റിച്ചുകൊണ്ടുവന്ന പദ്ധതിയുടെ

പോരായ്മകൂടി ചൂണ്ടികാണിക്കാൻ ഡി.പി.സി–ക്ക് ഇനിമുതൽ അധികാരമില്ല. അവർക്ക് പദ്ധതി പാസ്സാക്കി കൊടുക്കൽമാത്രമാണ് ഉത്തരവാദിത്വമെന്നാണ് ഈ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നത്. ഉൽപ്പാദന മേഖലയോട് പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ തികച്ചും നിഷേധാത്മകമായ നിലപാടാണ് ഈ മാർഗ്ഗരേഖ സ്വീകരിച്ചിരിക്കുന്നത്. ഉൽപ്പാദനമേഖലകൾക്ക് പദ്ധതിവിഹിതം വെട്ടിക്കുറച്ചു എന്നു മാത്രമല്ല പശ്ചാതത്തലമേഖലയ്ക്ക് 45 ശതമാനം മുതൽ 55 ശതമാനം വരെ നീക്കിവയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് 45 ശതമാനവും ജില്ലാ പഞ്ചായത്തിനും നഗരസഭകൾക്കും 55 ശതമാനവുമാണ്. കൃഷി എന്ന പദംതന്നെ ഈ മാർഗ്ഗരേഖയിലുള്ളത് കൃഷിക്ക് തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗിക്കാം എന്നൊരു വാക്കുമാത്രമാണ്. കഴിഞ്ഞ അഞ്ചുവർഷം പഞ്ചായത്തുകളും കുടുംബശ്രീയും എല്ലാംചേർന്ന് കാർഷികമേഖലയിൽ ആവേശകരമായ പ്രവർത്തനമാണ് നടത്തിയിരുന്നത്. അത്രയും പ്രശംസനീയമായ മാതൃകകൾ സൃഷ്ടിച്ച പഞ്ചായത്തുകളെയാണ് ഉൽപ്പാദനമേഖലയിൽനിന്ന് ഇന്ന് പിന്തിരിപ്പിക്കാൻ ഈ ഗവൺമെന്റ് പരിശ്രമിക്കുന്നത്. കാർഷിക വ്യവസായ മേളകൾ വർഷത്തിൽ രണ്ടു തവണ സംഘടിപ്പിക്കാൻ ബ്ലോക്ക് പഞ്ചായത്തുകളോട് ഈ മാർഗ്ഗരേഖ നിർദ്ദേശിച്ചിരിക്കുകയാണ്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതെന്ന് പഞ്ചായത്ത്രാജ് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ

പഞ്ചായത്തുകളെ ഈ മേള നടത്താൻ ഈ മാർഗ്ഗരേഖയിൽ ഒരിടത്തും നിർദ്ദേശിച്ചിട്ടുമില്ല. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിയ ഏറ്റവും നല്ല ശ്ലാഘനീയമായ പ്രവർത്തനമാണ് ഇ. എം.എസ്. ഭവന പദ്ധതി. ഇതുസംബന്ധിച്ച് മാർഗ്ഗരേഖയിൽ നിശബ്ദത പാലിക്കുകയാണ്. 1,02,161 വീടുകൾ പൂർത്തീകരിച്ചു. 1,49,353 വീടുകൾ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചു. 47,219 വീടുകളുടെ പണി തുടങ്ങിയിട്ടി ല്ല. അപ്പോൾ ആ വീടുകൾ പൂർത്തിയാക്കണമെന്ന് ഒരു വാക്കുംപോലും പറയുവാൻ ഈ രേഖയിൽ താൽപ്പര്യം കാണിച്ചില്ല. വാർഷിക പദ്ധതി യിൽ മാറ്റം വരുത്തിയത് വികസന പദ്ധതികളെ മന്ദഗതിയിലാക്കുമെന്ന കാര്യത്തിൽ സംശയമുണ്ടാവാൻ ഇടയില്ല. അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് വരുംവർഷങ്ങളിൽ കുറയാൻ ഇടയാക്കുമെന്ന് എല്ലാവർക്കും അറിയാം. നമ്മുടെ നാട്ടിൽ വികസനപദ്ധ തികളെക്കുറിച്ചല്ല ഇവർ ഇപ്പോൾ ചർച്ച ചെയ്യുന്നത്. ഇവരിപ്പോൾ ഈ രേഖയെക്കുറിച്ചോ വികസന പദ്ധതിയെക്കുറിച്ചോ അല്ല അസംബ്ലിക്ക കത്ത് ചർച്ച ചെയ്യുന്നത്. കമ്മൂണിസ്റ്റു മാർക്സിസ്റ്റ് പാർട്ടിയെ ഈ ഭൂമു ഖത്തുനിന്ന് എങ്ങനെ ഇല്ലാതാക്കാൻ കഴിയുമെന്നാണ് ഈ ഗവൺമെന്റ് കിട്ടിയ അധികാരമുപയോഗിച്ച് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് എല്ലാ വർക്കുമറിയാം. കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)-ന്റെ ജില്ലാസെക്രട്ടറിയുടെ നേരെ കേസ് എടുക്കുകയാണ്.

മി. ചെയർമാൻ : സഭയിൽ അംഗങ്ങൾ ചെയറിനെതിരായി തിരിഞ്ഞുനിൽക്കാൻ പാടില്ലെന്ന് ഇവിടെ സൂചന നൽകിയിട്ടുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം.

ശ്രീ. കെ. കെ. നാരായണൻ : കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)–ന്റെ സംസ്ഥാന കമ്മിറ്റി മെമ്പർമാർക്കെതിരെ കേസ് എടുക്കുകയാണ്. പ്രസംഗത്തിന്റെ പേരിൽ എന്തെങ്കിലും പറഞ്ഞുപോയാൽ അവർക്കുനേരെ കേസ് ആണ്. അങ്ങനെ പ്രസംഗത്തിനും കേസ്. പത്തോ മുപ്പതോ കൊല്ലങ്ങൾക്കുമുമ്പ് അവസാനിച്ചുപോയ കേസിനെക്കുറിച്ച് എവിടെ നിന്നെങ്കിലും ആരെങ്കിലും പ്രസംഗിച്ചാൽ അതിനെ പരിശോധിച്ച് കൊലക്കേസ് ചാർജ് ചെയ്യുന്ന അവസ്ഥയാണ് ഇവിടെ നടക്കുന്നത്. നിങ്ങൾക്കറിയാം കണ്ണൂരിൽ സി.പി.ഐ(എം)–ന്റെ സംസ്ഥാന കമ്മിറ്റി അംഗത്തെയും ഇപ്പോൾ ഒഞ്ചിയത്തു നടന്ന കൊലപാതകക്കേസ്സിന്റെ ഭാഗമായി കൊലക്കേസ്സിൽ പ്രതിയാക്കി. സി.പി.ഐ(എം)–ന്റെ കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജനെ ചന്ദ്രശേഖരൻ വധക്കേസിൽ പ്രതിയാക്കാനാണ് അവർ ആലോചിച്ചത്. ഒരു പേരും ആരും പറഞ്ഞില്ല, ഒരു വിവരവും കിട്ടില്ല എന്നു മനസ്സിലാക്കിയപ്പോൾ അവിടെ തളിപ്പറമ്പിനടുത്തുള്ള പട്ടുവത്ത് ഷുക്കൂർവധക്കേസിൽ പ്രതിയാക്കാനാണ് ശ്രമിക്കുന്നത്. ഇവരെ രണ്ടു പ്രാവശ്യം ചോദ്യം ചെയ്തു. ഇന്നലെ ശ്രീ. ജയരാജനെ അറസ്റ്റു ചെയ്യും എന്നതാണ് പൊതുവിൽ നാട്ടിൽ എല്ലാവരും മനസ്സിലാക്കിയത്. കണ്ണൂർ ജില്ലയുടെ എല്ലാ ഭാഗത്തും ഇന്നലെ പോലീസ്

സേനയെ വിന്യസിച്ച് ഒരു യുദ്ധക്കളത്തിലെന്നപോലെയുള്ള നിലയാണ് കണ്ണൂരിൽ ഉണ്ടാക്കിയത്. ഇന്നലെ അറസ്റ്റ് നടന്നില്ല. ഏതാനും ദിവസ ങ്ങൾക്കുള്ളിൽ സഖാവ് ജയരാജനെ അവിടെ അറസ്റ്റുചെയ്യുമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും സംഭവമുണ്ടായാൽ അതിനെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉന്നതരെ കേസിൽപ്പെടുത്തി, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനംതന്നെ ഇവിടെ അവസാനിപ്പിച്ചുകളയാമെന്നാണ് ഇവർ ഇപ്പോൾ കരുതിയിരിക്കുന്നത്. കമ്മ്യൂണിസ്റ്റുപാർട്ടിയെ ഇല്ലാതാക്കിക്കളയാൻ ഇവിടെ ഭരണകക്ഷി, പ്രത്യേകിച്ച് ലീഗ് ഇവിടെ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണെന്ന് എല്ലാവർക്കുമറിയാം. അതിനാണ് ഷുക്കൂർവധക്കേസിൽ പാർട്ടി സെക്രട്ടറിയെ ഉൾപ്പെടുത്തണമെന്ന് അവർ വാശി പിടിക്കുന്നത്. ലീഗാണ് നിർദ്ദേശം കൊടുക്കുന്നത്. ലീഗെന്ന രാഷ്ട്രീയപാർട്ടിയെ സംബന്ധിച്ച് നമുക്കെല്ലാം അറിയാം. ഈ നാട്ടിൽ മുസ്ലീം സമുദായത്തിനുനേരെ അള്ളിപ്പിടിച്ചു നിൽക്കുന്ന, മുസ്ലീംസമുദായത്തിന്റെ രക്തം കുടിച്ചു വളരുന്ന ഒരു നികൃഷ്ടജീവിയാണ് ഈ കേരള രാഷ്ട്രീയത്തിൽ ലീഗ് എന്ന് എല്ലാവർക്കുമറിയാം. അത്തരമൊരു രാഷ്ട്രീയപാർട്ടിയാണ് സി.പി.ഐ(എം)-നെ ഇവിടെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മലപ്പുറത്ത് കുനിയിൽ രണ്ട് സഹേദരന്മാരെ രണ്ടിടത്തുവച്ചുകൊന്നു. രണ്ട് സഹോദരന്മാരെ കൊന്നിട്ട് ഇവിടെ വന്ന് വെള്ളരിപ്രാവുകളെപോലെ, മാലാഖമാരെപോലെയുള്ള പ്രസംഗമാണ് ലീഗിന്റെ സുഹൃത്തുക്കൾ നടത്തിക്കൊ

ണ്ടിരിക്കുന്നത്. അവരുടെ പ്രസംഗം കേട്ടാൽ ഭൂമുഖത്ത് ജനിച്ചുവളർന്ന ഏറ്റവും വലിയ മാലാഖമാരാണ് ലീഗിന്റെ പ്രവർത്തകരെന്ന് തോന്നിപ്പോകും. ഇവിടെ ഒരൊറ്റ മന്ത്രിയും കുനിയിൽമരിച്ച മുസ്ലീംസഹോദരന്മാരുടെ വീട്ടിൽപോയില്ല. അവിടെ ജനപ്രതിനിധികളാരും പോയില്ല. ഈ നിയമസഭയിൽ ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് ഒരിക്കൽപോലും കുനിയിൽ കൊലപാതക സംഭവങ്ങൾ പറയാൻ ഇടയായില്ല. എന്നുമാത്രമല്ല, കുനിയിൽ കൊലപാതകക്കേസിൽ പ്രതിയായ ഒരു എം.എൽ.എ.-യെ ഒരു ലജ്ജയുമില്ലാതെ ഈ അസംബ്ലിയിൽ ഇരുത്തി ഞങ്ങളെ നിയമം പഠിപ്പിക്കാൻ അവർ പ്രസംഗിക്കുന്നത് കേൾക്കേണ്ട ഗതികേടുപോലും ഈ സഭയ്ക്ക് ഉണ്ടാക്കിവച്ചു. അങ്ങനെ ....

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : അങ്ങേയ്ക്കറിയാമോ, കേരളത്തിലാകെ കലാപം ഉണ്ടാക്കാൻവേണ്ടി, ആയുധങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി ബോംബ് സ്ഫോടനത്തിൽ അഞ്ചു പ്രവർത്തകന്മാർ ഒരേ സമയത്ത് നഷ്ടപ്പെട്ട പാർട്ടിയാണ് ലീഗ്. നാദാപുരത്തെ നരിക്കാട്ടേരിയിൽ വച്ച് അതിന് നേതൃത്വം കൊടുത്തു. അന്നവിടെ അഞ്ചുപേർ മരിച്ചത് ഖേദകരമായ കാര്യമാണ്. അവർ മരിച്ചില്ലായിരുന്നെങ്കിൽ, ആയുധങ്ങളെല്ലാം പുറത്തുവന്നിരുന്നെങ്കിൽ ഉത്തരകേരളമാകെത്തന്നെ കത്തിച്ചാമ്പലാകുമായിരുന്നുവെന്നുള്ള വസ്തുത അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

<u>ശ്രീ. കെ.കെ. നാരായണൻ</u> : നരിക്കാട്ടേരിയിൽ ബോംബ് നിർമ്മിച്ചത് ഈ നാട്ടിൽ സമാധാനമുണ്ടാക്കാനാണെന്ന് ലീഗിന്റെ പ്രവർത്തകർ

ഇവിടെ പറഞ്ഞേക്കും. അത് ശരിയാണെന്ന് ഇവിടെ ഭരണം കൈകാര്യം ചെയ്യുന്ന കോൺഗ്രസിന്റെ നേതാക്കന്മാർ സമ്മതിച്ചു എന്നുംവരും. ഈ നാടു കത്തിക്കാൻ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേരളം കത്തിക്കാണാൻ വർഗ്ഗീയകുഴപ്പം ഉണ്ടാക്കാനാണ് നരിക്കാട്ടേരിയിൽ ബോംബ് നിർമ്മിച്ച് കൂട്ടിയത്. അങ്ങനെ നിർമ്മിച്ചുകൂട്ടിയതുമാത്രമല്ല ഒരു പത്രം എഴുതിയത് ആ ബോംബ് സ്ഫോടനം നടത്താൻ വിദേശത്തുനിന്നുള്ള വിദഗ്ദ്ധന്മാരെ കേരളത്തിലേയ്ക്ക് വരുത്തി, അവർ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വിമാനമിറങ്ങി കോഴിക്കോട് കൊയിലാണ്ടിയിൽ എത്തിയപ്പോഴേക്കും സ്ഫോടനം നടന്നുപോയി, അതുകൊണ്ട് വന്നവഴിക്ക് വിദഗ്ദ്ധന്മാർക്ക് തിരിച്ചുപോകേണ്ടിവന്നുവെന്നാണ്. കേരളത്തിലെ ഒരു വാരിക വളരെ വിശദമായി എഴുതിയ ഈ കാര്യം നമ്മളെല്ലാം വായിച്ചതാണ്. അങ്ങനെ കേരളത്തിൽ വർഗ്ഗീയകലാപം ഉണ്ടാക്കാൻ, കേരളത്തിന് തീ കൊടുക്കാൻ, എന്നിട്ട് ലീഗിന്റെ രാഷ്ട്രീയ സ്വാധീനം വികസിപ്പിക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മാറാട് കലാപത്തിന് നേതൃത്വം കൊടുത്തവരാണിവർ. ഹിന്ദു-മുസ്ലീം വിരോധമുണ്ടാക്കി മുസ്ലീം സമുദായത്തിൽപ്പെട്ടവരെയെല്ലാം മുസ്ലീംലീഗ് എന്ന രാഷ്ട്രീയപ്പാർട്ടിയുടെ ഭാഗമാക്കിത്തീർത്താൽ കേരള രാഷ്ട്രീയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ശക്തിയായി മാറാൻ ലീഗിന് കഴിയും. അങ്ങനെ വർഗ്ഗീയ കുഴപ്പം ആഗ്രഹിച്ചുനടക്കുന്ന ഒരു പാർട്ടി, സി.പി.ഐ.(എം) വർഗ്ഗീയ കലാപം ഉണ്ടാക്കുന്നവരാണ്, ആ വർഗ്ഗീയ

കലാപം ഉണ്ടാക്കാനാണ് ഫസൽ വധത്തിന്റെ ഭാഗമായി അവർ ശ്രമിച്ചത് എന്നിവിടെ പറയുകയാണ്. എവിടെ വർഗ്ഗീയ കലാപം ഉണ്ടായോ, എവിടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടായോ ആ വർഗ്ഗീയ കലാപം അവസാനിപ്പിക്കാനും അവിടെ സമാധാനം പുന:സ്ഥാപിക്കാനും സി.പി.ഐ.(എം)-ന്റെ പ്രവർത്തകന്മാർ നടത്തിയ പ്രവർത്തനം കേരളത്തിന് അറിവുള്ളതാണ്. നിങ്ങൾക്കറിയാം തലശ്ശേരി കലാപമുണ്ടായ കാലത്ത്, തലശ്ശേരി നഗരത്തിലും പരിസരത്തും ഓടിനടന്ന് സമാധാനം ഉണ്ടാക്കാൻ പരിശ്രമിച്ചത് കമ്മ്യൂണിസ്റ്റുകാരാണ്. ചെങ്കൊടിവച്ച കാറിലാണ് അന്ന് ശ്രീ. പിണറായി വിജയൻ സഞ്ചരിച്ചത് എന്ന് അന്വേഷിക്കാൻ നിയുക്തമായ കമ്മീഷൻതന്നെ എഴുതിവച്ചിട്ടുണ്ട് എന്ന കാര്യം നമുക്കറിയാം. അങ്ങനെ ഈ നാട്ടിൽ സമാധാനപരമായ, വർഗ്ഗീയ കുഴപ്പമില്ലാത്ത, മത-സാഹോദര്യത്തിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിച്ച് രക്തസാക്ഷിത്വം വരിച്ച സഖാക്കളുടെ പാർട്ടിയാണ് സി.പി.ഐ.(എം). എന്നിട്ട് ഞങ്ങൾ വർഗ്ഗീയ കുഴപ്പമുണ്ടാക്കുന്നു എന്ന് പറയുന്നു. വർഗ്ഗീയ കുഴപ്പമുണ്ടാക്കാനാണ് കമ്മ്യൂണിസ്റ്റുകാർ ഫസൽ വധത്തിന്റെ ഭാഗമായി ശ്രമിച്ചത് എന്നുള്ള ************1 വിധത്തിലാണ് സി.ബി.ഐ.-യെക്കൊണ്ട് കേസ്സെടുപ്പിച്ചത്. അതിനുമുമ്പ് സി.പി.ഐ.(എം) വർഗ്ഗീയ കുഴപ്പമുണ്ടാക്കാനാണ് ശ്രമിച്ചത് എന്ന് ഒരു മന്ത്രി പ്രസംഗിക്കുന്നു. പിന്നീട് സി.ബി.ഐ. അത് റിക്കോർഡാക്കുന്നു. അവരതിനെ കേസിന്റെ ചാർജ്ഷീറ്റാക്കുന്നു അങ്ങനെ എന്ത് വാചകം കിട്ടിയാലും അതെല്ലാം സി.പി.ഐ.(എം)-ന്റെ പേരിൽ കെട്ടി

വച്ച് കുറ്റപത്രമാക്കിയെടുത്ത് ഞങ്ങളെ ഇതോടെ നശിപ്പിച്ചുകളയാം എന്നാണ് ഭരണകക്ഷിയിലെ നേതാക്കൾ ആഗ്രഹിക്കുന്നത് .

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ......

ശ്രീ. വി. ഡി. സതീശൻ: സർ ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ***********1 രീതിയിൽ സി.ബി.ഐ.-യെക്കൊണ്ട് കേസ് എടുപ്പിച്ചു എന്നുപറഞ്ഞു. ഈ കേസ്സിൽ സി.ബി.ഐ. അന്വേഷിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ചാണ്. സി.ബി.ഐ. -യെക്കൊണ്ട് കേസ് എടുപ്പിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അപ്പോൾ *********1 രീതിയിൽ ഹൈക്കോടതി കേസെടുത്തു എന്നുള്ള പരാമർശം രേഖയിൽ ഉണ്ടാകുന്നത് ശരിയല്ല. അതുകൊണ്ട് റൂൾ 307 അനുസരിച്ച് അത് സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: പരിശോധിക്കാം.

ശ്രീ. കെ. കെ. നാരായണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു നിലപാട് സ്വീകരിക്കാൻ പാടില്ല. ഞാൻ കേരള ഹൈക്കോടതിയേയോ ഹൈക്കോടതിയുടെ പ്രവർത്തനത്തേയോ കുറ്റപ്പെടുത്തിയിട്ടില്ല. ഒരു കേന്ദ്ര ആഭ്യന്തര സഹമന്ത്രി, സി.പി.ഐ.(എം) വർഗ്ഗീയ ************1 (സഭാ രേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.) കുഴപ്പമുണ്ടാക്കാനാണ് ശ്രമിച്ചതെന്ന് പ്രസംഗിച്ചു. മന്ത്രി പറഞ്ഞ ആ വാചകം തന്നെയാണ് സി.ബി.ഐ. ചാർജ് ഷീറ്റായി കൊണ്ടുവന്നത്

എന്നാണ് ഞാൻ പറഞ്ഞത്. മന്ത്രിമാർ പറയുന്ന വാചകം പോലീസ് ചാർജ് ഷീറ്റാക്കുന്ന അനുഭവം കേരളത്തിൽ ഉണ്ടാകുകയാണ്. തങ്ങൾക്ക് കിട്ടിയ അധികാരമുപയോഗിച്ച് സി.പി.ഐ.(എം)-നെ ഇല്ലാതാക്കാനാണ് ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം) ഒരു മഴയിൽ പൊടിച്ചുവന്ന തകര അല്ലെന്ന് നിങ്ങൾക്കറിയാം. ഒരുപാട് ത്യാഗങ്ങൾ അനുഭവിക്കേണ്ടിവന്ന, ആക്രമണങ്ങൾ ഏല്ക്കേണ്ടിവന്ന, പീഡനങ്ങൾ സഹിക്കേണ്ടിവന്ന, രക്തസാക്ഷിയാകേണ്ടിവന്ന, ജയിലിൽ കിടക്കേണ്ടിവന്ന ഒരു പാർട്ടിയാണ് സി.പി.ഐ.(എം). അതുകൊണ്ട് ഞങ്ങളെ ഇല്ലാതാക്കിക്കളയാമെന്ന നിങ്ങളുടെ വ്യാമോഹം 'മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെയാണ്'. അതുകൊണ്ട് സി.പി.ഐ.(എം)-നെ നശിപ്പിച്ചുകളയാം എന്ന് മുസ്ലീംലീഗും കേരളം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരും ആഗ്രഹിച്ചാൽ അത് നടക്കുന്ന കാര്യമല്ല. പക്ഷേ കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലൊരു പാർട്ടിക്ക് അനുഭവിക്കേണ്ടി വരുന്ന ഇത്തരം അനുഭവങ്ങളെക്കുറിച്ച് നിങ്ങളും ആലോചിക്കണം.. പോലീസിനെ രാഷ്ട്രീയമായി ഉപയോഗിച്ചാൽ അതിന്റെ ഭവിഷ്യത്ത് ഞങ്ങൾക്ക് മാത്രമല്ല നാളെ നിങ്ങൾക്കും അനുഭവിക്കേണ്ടിവരും എന്ന കാരത്തിൽ സംശയമില്ല. സാമൂഹ്യക്ഷേമവകുപ്പിനെക്കുറിച്ച് ഒരു വാക്ക് കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അംഗനവാടികളുടെ സൗന്ദര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അംഗനവാടികളുടെ സൗന്ദര്യം മാത്രമല്ല പ്രശ്നം, അംഗനവാടികളിൽ ജീവനക്കാരുമുണ്ട്.

അവരുടെ കണ്ണീരുംകൂടി ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി കാണണം. അവരുടെ കുറഞ്ഞ വരുമാനത്തിന് എന്തെങ്കിലും പരിഹാര മുണ്ടാക്കാനുള്ള പദ്ധതി കൂടി കൊണ്ടുവേണം എന്നൊരു അഭ്യർത്ഥന ഈ സദസ്സിന്റെ മുമ്പിൽ വയ്ക്കാനുണ്ട്. ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ആംഗലേയ സാഹിത്യത്തിൽ റോമാന്റിക് കാലഘട്ടത്തിന് തുടക്കംകുറിച്ചത് കാൾബ്രിഡ്ജിന്റെ കാലഘട്ടത്തോടുകൂടിയാണ്. അദ്ദേഹം വളരെ ദാർശനികനായ ഒരു കവിയായിരുന്നു. അദ്ദേഹം എഴുതിയ വളരെ മനോഹരമായ വരികളാണ് ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്ന സന്ദർഭത്തിൽ എനിക്ക് ഓർമ്മവരുന്നത്.

‘ Aptitude, found in an understanding is often inherited

Genius comes from reason and imagination rarely’- ഞാൻ ഒരു വരികൂടി ഇതോടൊപ്പം കൂട്ടിച്ചേർക്കുകയാണ്.

□അിറ ംശലെ മുുഹശരമശേീ ീള ീല□െ മേഹലിേ ശ വേല വമഹഹാമൃസ ീള വശ ുല്യൗീമഹശ്യേ□ ഞാനിത് പറയാൻ കാരണം ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഈ ധനാഭ്യർത്ഥനകളിൽ കേരള രാഷ്ട്രീയത്തിൽ എക്കാലത്തും അഭിമാനത്തോടുകൂടി നമ്മൾ സ്മരിക്കുന്ന യശ:ശ്ശരീരനായ സി. എച്ച്. മുഹമ്മദ് കോയയുടെ മകൻ ഡോ. എം.കെ. മുനീർ കൈകാര്യം ചെയ്യുന്ന സാമൂഹ്യക്ഷേമ വകുപ്പ് കഴിഞ്ഞ ഒരു വർഷക്കാലമായി വളരെ ഭംഗിയായി നടന്നുവരുന്നു എന്നുള്ളത് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാരമ്പര്യത്തിന്റെ വാസനാബലവും യുക്തിഭദ്രമായ ഭാവനയും ഇണക്കിചേർത്തുകൊണ്ട് ഈ വകുപ്പ് വളരെ ഭംഗിയായി കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ വകുപ്പ്

തീർത്തും നിസ്സംഗമായിരുന്നു. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഒരു തീരുമാനത്തിനായി ഏതാണ്ട് ഇരുപതോളം ഉത്തരവുകൾ കഴിഞ്ഞകാലഘട്ടത്തിൽ ഇറക്കിയത് ഞാനോർക്കുകയാണ്. വളരെ നിസ്സംഗമായിരുന്ന ആ കാലഘട്ടത്തിൽനിന്ന് യഥാർത്ഥത്തിൽ ഈ വകുപ്പിനെ നമ്മുടെ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ, അദ്ദേഹത്തിന്റെ ഒരു സിനിമാ പാട്ടിൽ സൂചിപ്പിച്ചതുപോലെ ചന്ദനലേപ സുഗന്ധവും അതോടൊപ്പംതന്നെ കാരുണ്യത്തിന്റെ തൂവൽസ്പർശവുമായി തന്റെ പ്രവർത്തനങ്ങൾക്ക്, സാഫല്യത്തിന് നിറവും മികവും നല്കി, നിറകതിരുകൾ കൊയ്തെടുത്തുകൊണ്ടുള്ള നിർവൃതിയോടുകൂടി നില്ക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുന്നത് അദ്ദേഹം ഈ വകുപ്പിന്റെ പ്രവർത്തനങ്ങളോട് കാണിച്ചിട്ടുള്ള ആത്മാർത്ഥമായ സമീപനം ഒന്നുകൊണ്ടുതന്നെയാണ് എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഞാനിത് പറയുമ്പോൾ ഒരു വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹം ഇടപെട്ട ഒരു വിഷയം എനിക്കറിയാം. 2012 ജൂൺ 29 –ാം തീയതിയിലെ മലയാള മനോരമ ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന വാർത്ത അങ്ങും വായിച്ചുകാണും. തിരുവനന്തപുരത്തുള്ള, വളരെ മാനസികമായി വൈകല്യമുള്ള വിശാഖ് എന്ന കുട്ടി, മാലിക് ദിനാർ ഐ.റ്റി.സി.–യിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ കോഴ്സ് പഠിക്കുകയായിരുന്നു. സാധാരണഗതിയിൽ സംസ്ഥാനത്ത് ഇത്തരം വൈകല്യമുള്ള കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന് സ്ക്രൈബിന്റെ സഹായം തേടാൻ കഴിയും. പക്ഷേ നിലവി

ലുള്ള നിയമപ്രകാരം  വ്യവസായ പരിശീലന വകുപ്പിന് സ്ക്രൈബിന്റെ സഹായം ലഭ്യമാക്കാൻ കഴിയില്ല എന്ന് പത്രത്തിൽ വാർത്ത വന്നപ്പോൾ ആ കുട്ടിയുടെ ജീവിതം വളരെയേറെ കഷ്ടതയിലായി. ആ കുട്ടിയുടെ വിദ്യാഭ്യാസ കാര്യത്തിൽ ....... .കുട്ടിയുടെ ജീവിതത്തിന് പ്രശ്നമുണ്ട് എന്ന പത്ര വാർത്ത കണ്ടുകൊണ്ട് സംസ്ഥാനത്തെ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹം ഇക്കാര്യത്തിൽ ഇടപെടുകയും വളരെ ഗൗരവമായി ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. സംസ്ഥാനത്തെ ഐ.റ്റി.ഐ. വിദ്യാഭ്യാസത്തിന്റെ ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത് കേന്ദ്ര ലേബർ ആന്റ് എംപ്ലോയ്മെന്റ് മന്ത്രാലയമാണ്. ഞാൻ സൂചിപ്പിച്ചത് ഒരു വകുപ്പുമന്ത്രി എന്ന നിലയിൽ ഇതുപോലെയുള്ള കാര്യങ്ങളിൽപ്പോലും വളരെ ഗൗരവത്തോടെ കാര്യങ്ങളെ സമീപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. സാമൂഹ്യ സേവന രംഗത്ത് നടക്കുന്ന പ്രവർത്തനങ്ങൾ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു.  കോക്ലിയർ ഇംപ്ലാന്റേഷൻ– കേരളത്തിൽ 6 കോടി രൂപയാണ് സംസ്ഥാനം ഇതിനായി  2012–13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്.  മലയാളത്തിന്റെ പ്രിയപ്പെട്ട ഗായകൻ ശ്രീ.യേശുദാസിന്റെ സാന്നിദ്ധ്യത്തിലാണ് ഈ പ്രോജക്ട് ഉദ്ഘാടനം ചെയ്തത്. 200 കുട്ടികൾക്ക് ശ്രവണ സൗകര്യം ലഭ്യമാക്കുന്ന മനുഷ്യത്വപൂർണ്ണമായ പ്രവർത്തനത്തിന് നേതൃത്വം നല്കുവാൻ  ബഹുമാനപ്പെട്ട മന്ത്രിക്ക് കഴി

യുന്നു എന്നുള്ളത് ഏറെ സന്തോഷകരമാണ്. നിർഭയ പദ്ധതിയെപ്പറ്റി പറയുമ്പോൾ, – മനുസ്മൃതിയിൽ പറയുന്നൊരു കാര്യമുണ്ട്.

'എത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ:' എന്ന്. ഈ കാലഘട്ടത്തിൽ നമുക്ക് പറയാൻ പറ്റും, എവിടെ സ്ത്രീകളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യപ്പെടുന്നുവോ ആ സമൂഹമാണ് യഥാർത്ഥത്തിൽ അംഗീകരിക്കപ്പെടുന്നത്. ആ ഒരു വലിയ കാഴ്ചപ്പാടാണ് സത്യത്തിൽ നിർഭയ പദ്ധതിപോലുള്ള വളരെ ബൃഹത്തായൊരു പദ്ധതി നടപ്പാക്കാനായി ബഹുമാനപ്പെട്ട മന്ത്രിയും ആ വകുപ്പും മുൻകൈ എടടുത്തതെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതിപോലെ സ്നേഹപൂർവ്വം പദ്ധതി. മാതാപിതാക്കൾ മരിച്ചു കഴിഞ്ഞാൽ അനാരോഗ്യത്താലോ സാമ്പത്തികപരാധീനതയാലോ സംരക്ഷിക്കാൻ കഴിയാത്ത കുട്ടികൾക്ക് വേണ്ടിയുള്ള ഒരു പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. അതുപോലെ വയോമിത്രം പദ്ധതി. പ്രായമായ വയോജനങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതിയാണ് വയോമിത്രം പദ്ധതി. അതുപോലെ താലോലം പദ്ധതി – ഞാൻ ഈ പദ്ധതികളുടെ പേരുകൾ പറയുമ്പോൾ സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് സമൂഹത്തിന്റെ ഏറ്റവും ദുർബ്ബലമായ ജനവിഭാഗങ്ങളെ എങ്ങനെ ഈ ഗവൺമെന്റ് കണക്കാക്കുന്നുവെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. നമ്മുടെ സംസ്ഥാനത്ത് അമ്മത്തൊട്ടിലുകളും വൃദ്ധസദനങ്ങളുമൊക്കെ ധാരാളമുണ്ട്. ഭാരതത്തിൽ ആദ്യത്തെ അമ്മത്തൊട്ടിലുണ്ടായത് കാളിദാസന്റെ ശാകുന്തളത്തിലാണ്.

ശകുന്തള കുട്ടിയുമായി വരുമ്പോൾ ദുഷ്യന്തൻ ഉപേക്ഷിക്കുകയാണ്. ഒരു പക്ഷേ ആദ്യത്തെ അമ്മത്തൊട്ടിൽ അതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

'ശിശുക്കൾ തൻ പുഞ്ചിരിപോലെനിക്ക്

ചിത്തം കുളിപ്പിപ്പൊരു കൊച്ചുപൂവേ'

എന്ന് ഉള്ളൂർ എഴുതിയിട്ടുണ്ട്. കാരണം, അത്രമാത്രം കുട്ടികളെ സ്നേഹിച്ച കവികളുള്ള ഒരു സമൂഹമാണ് നമ്മുടേത്. കുട്ടികളെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചുപോകുന്നതു സംബന്ധിച്ച് ധാരാളം വാർത്തകൾ ഇന്ന് വരുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിലേയ്ക്കാണ് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നത്. വൃദ്ധസദനങ്ങളും അമ്മത്തൊട്ടിലുകളും പെരുകുന്നതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയുകയില്ല. അത് വലിയൊരു സാമൂഹ്യപ്രശ്നമായി നമ്മുടെ ഇടയിൽ വളർന്നുവര ികയാണ് എന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ നമ്മുടെ സമൂഹത്തിന് വാർദ്ധക്യം സംഭവിച്ചുക്കൊണ്ടിരിക്കുകയാണ്. വയോജനങ്ങളുമായി ബന്ധപ്പെട്ട് ഒരു വൃദ്ധനയം നമുക്കില്ല എന്നുള്ളതാണ്. വാർദ്ധക്യം സമൂഹത്തിന് സംഭവിക്കുന്നുവെന്ന് ഞാൻ പറയുമ്പോൾ സാംസ്കാരികമായ ഒരു വൃദ്ധാവസ്ഥ അല്ലെങ്കിൽ ധാർമ്മികമായ ഒരു വൃദ്ധാവസ്ഥയിലേയ്ക്ക് സമൂഹം പോകുന്നൂവെന്നുള്ള ദു:ഖം നമുക്കുണ്ട്.പഴയ കാലത്തുണ്ടായിരുന്ന വൃദ്ധജനങ്ങളുടെ സംഗമ വേദികൾ ഇന്ന് കുറഞ്ഞുവരുന്നു. സാമൂഹ്യമായ മാറ്റങ്ങളോടൊപ്പം മുതിർന്ന തലമു

റകളുടെ സംഗമസ്ഥാനങ്ങൾ തിരികെകൊണ്ടുവരാൻ കഴിയുന്ന തരത്തിലുള്ള ചിന്തകൾ, വൃദ്ധസദനങ്ങൾക്കപ്പുറത്ത് ഇത്തരം സംഗമവേദികൾക്കുള്ള സൗകര്യങ്ങളുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രാഷ്ട്രീയത്തിൽ മാത്രമാണ് വാർദ്ധക്യം കടന്നുവരാത്തത്. രാഷ്ട്രീയ പ്രവർത്തകർക്കോ പൊതുപ്രവർത്തകർക്കോ വാർദ്ധക്യം ഒരു പ്രശ്നമല്ലായെന്ന് തോന്നുന്നു. മറ്റെല്ലാ രംഗങ്ങളിലും, നമ്മുടെ ചിന്തകളിൽപ്പോലും വാർദ്ധക്യം ബാധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു വയോജന നയം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. പഞ്ചായത്ത് ഭരണം ഉൾപ്പെടെയുള്ള മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയേയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ യു.ഡി.എഫ്.-ന്റെ എല്ലാ സാരഥികളേയും ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ എളിയ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. കെ.എം. ഷാജി</u>: സർ, ഈ രണ്ട് ഡിമാന്റുകളേയും ഞാൻ പൂർണ്ണമായ അർത്ഥത്തിൽ പിന്തുണയ്ക്കുന്നു. ഇന്ത്യയിലെ ഹരിതസൗന്ദര്യമാണ് നമ്മുടെ മലയാളം. പലതരം ന്യായീകരണങ്ങൾ നിരത്തി ഈ ഹരിത ഭംഗിയെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. നമ്മുടെ ആദിവാസി സമൂഹമെന്ന് പറയുന്നത് മണ്ണിന്റെ മക്കളാണ്. അവർക്ക് അർഹമായ ഭൂമി കൊടുക്കേണ്ടത് നമ്മുടെ മര്യാദയാണ്. പക്ഷേ ഭൂസമരത്തിന്റെ പേരിൽ ആയിരുന്നാലും ഏതു സമരത്തിന്റെ പേരിലായിരുന്നാലും വനഭൂമിയിൽ നിന്ന് ഒരു തരി മണ്ണുപോലും ഒരാൾക്കും പതിച്ചുകൊടുക്കാത്ത വിധത്തിൽ അതിനെ പൂർണ്ണാർത്ഥത്തിൽ സംരക്ഷിക്കാനുള്ള ബാദ്ധ്യത നമുണ്ട്. ഇവിടെ പ്രസംഗിച്ച പലരും കാട്ടാനകളുടെ ശല്യത്തെക്കുറിച്ച് പറഞ്ഞു. കാട്ടാനകൾ മുമ്പ് നമ്മുടെ നാട്ടിൽ വന്ന് ഇങ്ങനെ കുഴപ്പങ്ങൾ ഉണ്ടാക്കിയിട്ടില്ല. വനത്തിനകത്ത് ജീവിക്കാനുള്ള അവരുടെ ആവാസവ്യവസ്ഥ തകർന്നുകൊണ്ടിരിക്കുകയാണ്. വനം കയ്യേറ്റവും പലതരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതിന്റെ ഫലമായിട്ടാണ് കാട്ടാനകൾ പുറത്തേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. പശ്ചിമഘട്ടത്തെക്കുറിച്ചും അവിടത്തെ വനങ്ങളെക്കുറിച്ചും കൂടുതൽ ജാഗ്രത പാലിക്കാൻ മന്ത്രിയും ഗവൺമെന്റും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പശ്ചിമഘട്ടത്ത് മാത്രമല്ല ജില്ലയുടെ പല ഭാഗങ്ങളിലും ധാരാളം വനങ്ങളുണ്ട്. എല്ലാ വനങ്ങളും പൂർണ്ണമായി സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ, വനങ്ങളുടെ പൂർണ്ണമായ അതിർത്തി, നമ്മുടെ കൈകളിലുള്ള

വനങ്ങൾ എത്ര എന്നതിനെ സംബന്ധിച്ച് ഒരു ധവളപത്രമിറക്കി, ഒരുതരി മണ്ണുപോലും നഷ്ടപ്പെടാത്തവിധത്തിൽ നമ്മുടെ നാടിനെ സംരക്ഷിക്കേണ്ടതുണ്ട്. ഈ മണ്ണിനെ കൂടുതൽ ഹരിതാഭമാക്കി, ഹരിതഭംഗികൊണ്ട് മലയാളത്തെ പച്ചയാക്കാനാണ് അങ്ങ് ശ്രമിക്കേണ്ടത്. കേരളത്തിലെ സി.പി.ഐ.(എം) മനുഷ്യന്റെ ചോരകൊണ്ട് മലയാളത്തെ ചുവപ്പിക്കാൻ ശ്രമിക്കുമ്പോൾ ഹരിതഭംഗികൊണ്ട് മലയാളത്തെ പച്ചയാക്കാൻ ധൈര്യപൂർവ്വം ശ്രമിക്കണമെന്ന് ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്. ഭൂമി മനുഷ്യർക്ക് മാത്രം താമസിക്കാനുള്ളതല്ല. മറിച്ച് എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനുള്ളതാണ്. വനത്തിനകത്ത് പാർക്കുന്ന മൃഗങ്ങളുടെ അവാസ വ്യവസ്ഥയ്ക്ക് ഭംഗം വരുത്തുന്ന ഒന്നും ചെയ്യാൻ പാടില്ല. അവരുടെ ആവാസ സ്ഥലം അവർക്ക് വിട്ടുകൊടുക്കുക എന്നു പറയുന്നത് മനുഷ്യരുടെ ഔദാര്യമല്ല. അത് അവരുടെ അവകാശമാണ്. മനുഷ്യന് ജീവിക്കാനുള്ളതുപോലെതന്നെ അവർക്കുംകൂടി ജീവിക്കാനുള്ളതാണ് ഭൂമിയെന്ന വിശാലമായ കാഴ്ചപ്പാട് അങ്ങയുടെ നടപടികളിലുണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും ഇവിടെ പ്രതിപാദിക്കുകയുണ്ടായി. സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ബന്ധപ്പെട്ട് ചെയ്ത ഒരുപാട് കാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് 'സ്നേഹപൂർവ്വം പദ്ധതി'. ഒരുകാലത്ത് വലിയ സാമൂഹ്യവിപ്ലവമുണ്ടാക്കിയതാണ് നമ്മുടെ ഓർഫനേജുകൾ. അനാഥരാകുന്ന കുട്ടികളെ ഒരു പ്രത്യേക സ്ഥലത്ത്

ഡംപ് ചെയ്ത് വളർത്തിയെടുക്കുന്ന രീതി ഗുണകരമല്ല എന്ന് കണ്ടെത്തി ക്കൊണ്ടിരിക്കുകയാണ്. അനാഥരായ കുട്ടികൾക്ക് സമൂഹത്തിൽ ഇഴുകിച്ചേർന്നുകൊണ്ട് വളർന്നുവരാൻ കഴിയുന്ന വിധത്തിലുള്ള പദ്ധതി യാണ് സ്നേഹപൂർവ്വം പദ്ധതി. അതിന് കൂടുതൽ ശ്രദ്ധയും കരുതലും നൽകേണ്ടതുണ്ട്. അതുപോലെ ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ, തുല്യതയില്ലാത്ത ഒരു പദ്ധതിയാണ് കുടുംബശ്രീ. ആ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങളുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ എഡ്യുക്കേറ്റഡായിട്ടുള്ള പെൺകുട്ടികളുള്ളത് കേരളത്തിലാണ്. കുടുംബബശ്രീയുടെ സേവനം 15 ശതമാനം മാത്രമേ പ്രൊഡക്ടീവ് സെക്ടറിൽ വിനിയോഗി ക്കപ്പെടുന്നുള്ളു എന്നുള്ളതാണ് ദു:ഖകരമായ വസ്തുത. ഇതുവരെയുള്ള അനുഭവം വച്ചു നോക്കിയാൽ പ്രൊഡക്ടീവ് സെക്ടറിൽ വലിയ പരാജയമാണ്. ആഗോളീകരണം കടന്നുവരുന്ന സമയത്ത് **TINA** (There is no alternative) എന്ന് പറഞ്ഞിരുന്നുവെങ്കിൽ, ഗ്രാമ പ്രദേശങ്ങളുടെ ഒരു പുതിയ പീപ്പിൾസ് ആൾട്ടർനേറ്റീവാണ് നമ്മുടെ കുടുംബശ്രീകൾ എന്ന് പറയുന്നത്. പക്ഷേ അതിനെ പ്രൊഡക്ടീവ് സെക്ടറിൽ നമുക്ക് വിനി യോഗിക്കാൻ സാധിച്ചിട്ടില്ല. അതേസമയം സർവ്വീസ് സെക്ടറിൽ ഒരുപാട് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ഗുണകരമാകുന്ന വിധത്തിൽ, പ്രൊഡക്ടീവ് സെക്ടറിൽ കൂടി കുടുംബശ്രീ വിനിയോഗിക്കപ്പെടുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്ന് താൽപ്പര്യപ്പെടുകയാണ്. നമ്മുടെ നാട്ടിലെ വിധവകളായ സ്ത്രീകൾ കുറഞ്ഞത് 15 വർഷക്കാലമെ

ങ്കിലും ജീവിക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. എന്നാൽ ഈ കാലയളവിൽ അവർ അനുഭവിക്കുന്ന ഒറ്റപ്പെടലും അവഗണനയും സമൂഹത്തിന്റെതന്നെ വേദനയാണ്. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളിൽ മാത്രമല്ല ഇതുള്ളത്. എല്ലായിടങ്ങളിലുമുണ്ട്. ഇവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒരു വലിയ സാമൂഹ്യപ്രശ്നമാണ്. അവരുടെ വേദനകളും പ്രയാസങ്ങളും നമുക്ക് കാണാതിരിക്കാനാവില്ല.. അവരോട് ആരും സംസാരിക്കുന്നില്ല. പണ്ടൊക്കെ വല്യമ്മമാരോട് സംസാരിക്കുന്ന കൊച്ചുകുട്ടികൾ ഉണ്ടായിരുന്നു. പോഗോ, ഡിസ്നി തുടങ്ങിയ ചാനലുകൾക്കിടയിൽ ആരോടും സംസാരിക്കാൻ നമ്മുടെ തലമുറയിലെ പുതിയ കുട്ടികൾക്ക് കഴിയുന്നില്ല. രണ്ടുചോദ്യങ്ങളാണ് വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധരായ മാതാപിതാക്കളോട് ചോദിക്കുന്നത്, ഒന്ന് ഭക്ഷണം കഴിച്ചോ, മറ്റൊന്ന് മരുന്നുകഴിച്ചോ. ഒരു കമ്മ്യൂണിക്കേഷനുമില്ലാതെ, സമൂഹത്തിൽ നിന്നും പൂർണ്ണമായി അവർ ഒറ്റപ്പെട്ടു കഴിയുകയാണ്. അവരെ സംരക്ഷിക്കണം. അതിന് ഒരു കൾച്ചർ ഡെവലപ് ചെയ്ത് എടുക്കേണ്ടതുണ്ട്. സെന്റിമെൻസൊന്നും ഇല്ലാത്ത രീതിയിലാണ് ഇപ്പോൾ കുട്ടികൾ വളർന്നുവന്നുകൊണ്ടിരിക്കുന്നത്. കുട്ടികൾക്കിടയിൽ സെന്റിമെൻസുണ്ടാക്കിയെടുക്കാൻ കഴിയുന്ന തരത്തിൽ സിലബസ്സിൽ മാറ്റം വരുത്താൻ സമൂഹ്യക്ഷേമ വകുപ്പുതന്നെ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.. കേരളം ഇനിയുള്ള നാളുകളിൽ അഭിമുഖീകരിക്കാൻ പോകുന്നത് യുവാക്കളുടെ പ്രശ്നങ്ങളൊന്നുമല്ല,

വൃദ്ധന്മാരുടെ പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങളെ ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ യുവജനസംഘടനകളടക്കം ഈ രംഗത്തു വരേണ്ടതുണ്ട്. അതിന് തയ്യാറാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഈ സഭയിലുണ്ടായ പ്രധാനപ്പെട്ട ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. സഭയെ മുഴുവൻ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് യുവജനപ്രസ്ഥാനത്തിന്റെ പ്രതിനിധികൂടിയായ ഒരംഗം അടിയന്തരപ്രമേയത്തോടനുബന്ധമായി ഈ സഭയെ അപമാനിക്കുന്ന വിധത്തിലുള്ള 'സത്യവിരുദ്ധമായ കാര്യങ്ങൾ' ഈ സഭയ്ക്കകത്ത് പറയുകയുണ്ടായി. ശ്രീ. പി. ശ്രീരാമകൃഷ്ണനാണ് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നത്. അന്ന് അദ്ദേഹം സഭയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ട്, പ്രതിപക്ഷ ഉപനേതാവ് അടക്കം അന്ന് പറഞ്ഞ ഒരു കാര്യം സ്വാശ്രയ മേഖലയിൽ കോളേജ് തുടങ്ങുന്നതിന് ഗവൺമെന്റിന് അപേക്ഷ കൊടുത്ത ഒരു സ്ഥാപനവും ഞങ്ങളുടെ കയ്യിൽ ഇല്ലെന്നാണ്. എന്റെ കയ്യിലുള്ളത്, ശ്രീരാമകൃഷ്ണന്റെ ഫോട്ടോയുള്ള ഒരു ബ്രോഷറാണ്. അതിനേക്കാൾ രസകരമായ മറ്റൊരു കാര്യം, അടിയന്തരപ്രമേയം കഴിഞ്ഞയുടൻ തന്നെ ഞങ്ങൾ വൈബ്സൈറ്റ് പരതുകയുണ്ടായി. (കോപ്പി ഉയർത്തിക്കാണിച്ചുകൊണ്ട്) വെബ്സൈറ്റിനകത്ത് അദ്ദേഹത്തിന്റെ ഫോട്ടോ വച്ച സൈറ്റിൽനിന്നും ഞാൻ ഒന്നര മണിക്ക് എടുത്ത കോപ്പിയാണിത്. ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ മനോഹരമായ ഫോട്ടോ ഈ കോപ്പിക്കകത്ത് കാണാം. എന്നാൽ കൃത്യം പതിനഞ്ച്

മിനിട്ട് കഴിഞ്ഞപ്പോൾ ആ വെബ്സൈറ്റിൽ നിന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ ഫോട്ടോ ഡിലീറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. ഇതൊരു തല്ലിപ്പൊളി ഏർപ്പാടാണെന്ന് കൃത്യമായും ബോദ്ധ്യമില്ലായിരുന്നുവെങ്കിൽ എന്തിനാണ് അരമണിക്കൂർ കൊണ്ട് തന്റെ ഫോട്ടോ വെബ്സൈറ്റിൽ നിന്ന് അദ്ദേഹം ഡിലീറ്റ് ചെയ്തതതെന്ന് മറുപടി പറയണം. അത് മാത്രമല്ല, ഇവിടെ പറഞ്ഞ ഒരുകാര്യം അവിടത്തെ യൂണിവേഴ്സിറ്റിയിലെ ഇടതുപക്ഷ സംഘടനകൾ കൊടുത്ത ഒരു നോട്ടീസ് ..............

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

<u>മി. ചെയർമാൻ</u>: യെസ്... ശ്രീ. കെ.എം. ഷാജി... പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ ഈ സഭയിൽ കഴിഞ്ഞ വെള്ളിയാഴ്ച അടിയന്തരപ്രമേയം അവതരിപ്പിച്ച സന്ദർഭത്തിൽ മറുപടി പറയുന്നതിനിടയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആദ്യം പറഞ്ഞത് 'ഞാൻ ശ്രീരാമകൃഷ്ണന് കോളേജ് കൊടുത്തിട്ടുണ്ട്' എന്നാണ്. ഒരു കോളേജിനും അപേക്ഷ നൽകിയിട്ടില്ലെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞത് 'അങ്ങ് ഡയറക്ടർ ബോർഡായിട്ടുള്ള ഒരു സ്ഥാപനത്തിനാണ്' എന്നാണ്. ഞാൻ ഒരു കോളേജിലും ഡയറക്ടർ ബോർഡ് അംഗമല്ല എന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹം ഈ പറയുന്ന കാര്യം, ഒരു കോളേജിന് അപേക്ഷ പോലും കൊടുത്തിട്ടില്ല. പ്രവാസി എഞ്ചിനീയറിംഗ്

കോളേജിന്റെ വെബ്സൈറ്റിൽ 3 വർഷം മുമ്പ് ...... (തടസ്സം)........ ഞാൻ പറയട്ടെ. നിങ്ങൾ പറഞ്ഞത് ഞാൻ കേട്ടില്ലേ?

മി. ചെയർമാൻ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങ് പോയിന്റ് പറയൂ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, എന്റെ നാട്ടിലെ പ്രവാസികളായിട്ടുള്ള ...... (തടസ്സം)...... ഞാൻ പറയട്ടെ. നിങ്ങൾക്കെന്താ പ്രയാസം. നിങ്ങൾ കേൾക്കണം. മലപ്പുറം ജില്ലയിലെ പ്രവാസികളായിട്ടുള്ള 10–150 ആളുകൾ ചേർന്ന് ഒരു ട്രസ്റ്റ് രൂപീകരിച്ച് ആരംഭിക്കാനിരിക്കുന്ന ഒരു കോളേജിനെ സംബന്ധിച്ച് 3 വർഷം മുമ്പ് അവരിറക്കിയ ബ്രോഷറിന്റെ ഒരു സൈറ്റിനെ സംബന്ധിച്ചാണ് ഇത് പറയുന്നത്. ....... (തടസ്സം)...... ഞാൻ പറഞ്ഞുകഴിയട്ടെ. നിങ്ങൾ കേൾക്കണം. ..... (തടസ്സം)...... നിങ്ങൾ തെളിയിക്ക്......

മി. ചെയർമാൻ: അങ്ങയുടെ പോയിന്റ് പറയണം. പ്ലീസ് ......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ആരംഭിക്കാനിരിക്കുന്ന ഒരു കോളേജിനെക്കുറിച്ചാണ്. ഒന്നാമതായി ആ പ്രവാസി എഞ്ചിനീയറിംഗ് കോളേജ് എൻ.ഒ.സി.–ക്കോ അഫിലിയേഷനോ അപേക്ഷിച്ചിട്ടില്ല. അവർ ഈ സർക്കാരിനുമുന്നിൽ വന്നിട്ടില്ല, രണ്ടാമത്തെ കാര്യം .......

മി. ചെയർമാൻ: അങ്ങ് പോയിന്റ് പറയൂ. പ്ലീസ് ......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ പറഞ്ഞുകഴിയട്ടെ. അവിടെയൊരു ആർട്സ് ആന്റ് സയൻസ് കോളേജ് ഈ പ്രവാസി സംഘത്തിന്റെ

ഭാഗമായി വേറൊരു ഡയറക്ടർ ബോർഡ് ആരംഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ സഭ യിൽ വന്ന പ്രശ്നം എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ച യുമായി ബന്ധപ്പെട്ടുള്ളതാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ നില വാര തകർച്ചയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇത് കൂട്ടിക്കലർത്തേണ്ട കാര്യമില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്.... അങ്ങയുടെ പോയിന്റ് പറയൂ.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ഇതിൽ യാതൊരു അവ്യക്തതയുമില്ല. അവ്യക്തത നിങ്ങളുണ്ടാക്കാതിരുന്നാൽ മതി. ഇനി ഒരു കാര്യം കൂടി. സദു ദ്ദേശത്തോടുകൂടി വരുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്വീകരി ക്കുന്ന സമീപനമാണ് ഞങ്ങൾക്കുള്ളത്. അതിന് മടിയില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ് .... പ്ലീസ്..... അങ്ങയുടെ പ്രസംഗമല്ലല്ലോ ഇത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: എന്നെ സംബന്ധിച്ച് പറയുമ്പോൾ എനിക്ക് പേഴ്സണൽ ക്ലാരിഫിക്കേഷൻ കൊടുക്കണ്ടേ?

<u>മി. ചെയർമാൻ</u>: അത് പിന്നെ എഴുതിത്തരണം. ഇപ്പോൾ അങ്ങ് പോയിന്റ് ഓഫ് ഓർഡറാണ് ചോദിച്ചത്. പേഴ്സണൽ എക്സ്പ്ലനേഷന് പിന്നീട് എഴുതിത്തരണം. പോയിന്റ് പറയണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, സഭയെ തെറ്റിദ്ധരിപ്പിച്ച് സംസാരി ച്ചത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പിന്നീട് പരിശോധിച്ച് പറയാം. പ്ലീസ് പ്രൊസീഡ്.

ശ്രീ. കെ. എം. ഷാജി: സർ, ഇവിടെ പറഞ്ഞത് സത്യവിരുദ്ധമായ കാര്യമാണ്. എന്തുകൊണ്ടെന്ന് ചോദിച്ചാൽ അന്ന് കളവെന്ന് പറഞ്ഞപ്പോൾ അസത്യമെന്ന് പേരുമാറ്റി പറഞ്ഞു. ഞാൻ വീണ്ടും പറയുന്നു അസത്യത്തിന് മലയാളത്തിൽ ........പറയൂ. ...ഞാൻ വഴങ്ങി. അങ്ങ് പറയൂ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറയുന്ന കൂട്ടത്തിൽ അവസാനമാണ് ഞാൻ പറഞ്ഞത് സ്വാശ്രയകോളേജുകളുടെ കാര്യത്തിൽ ഇടതുപക്ഷത്തിന് വിരോധമുണ്ടാകേണ്ട കാര്യമില്ല, ശ്രീ. പി. ശ്രീരാമകൃഷ്ണനുകൂടി ബന്ധമുള്ള കോളേജുണ്ട്, അതിന് അനുമതി കൊടുത്തിട്ടുണ്ട്, അനുമതി കൊടുക്കാനുള്ള നടപടികളായിട്ടുണ്ട്. എന്നെത്തന്നെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സമീപിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഞാനതിൽത്തന്നെ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സർവകലാശാലയിൽ കൊടുത്തിട്ടുള്ള രേഖകളും അവിടെ കൊടുത്തിട്ടുള്ള ബ്രോഷറുകളുമാണ് ഇവിടെ ശ്രീ. കെ. എം. ഷാജി കൊണ്ടുവന്നിട്ടുള്ളത്. യൂണിവേഴ്സിറ്റി അതിനുള്ള അംഗീകാരവും കൊടുത്തിട്ടുണ്ട്. ആ കാര്യങ്ങളാണ് ഞാനിവിടെ സൂചിപ്പിച്ചത്. അന്ന് ഞാനത് പറഞ്ഞപ്പോൾ ഞാൻ സത്യവരിരുദ്ധമായ കാര്യങ്ങൾ പറയുകയാണെന്ന് പറഞ്ഞു. നിങ്ങളാണ് കളവ് പറയുന്നതെന്ന് ഞാൻ

പറഞ്ഞപ്പോൾ 'കളവ്' എന്ന വാക്ക് ഉപയോഗിക്കാൻ പാടില്ല എന്നുപറഞ്ഞപ്പോൾ സത്യവിരുദ്ധമാണെന്ന് പറഞ്ഞു. പ്രതിപക്ഷ ഉപനേതാവടക്കം ആ കാര്യത്തിലിടപെട്ടു. അന്ന് സത്യവരിരുദ്ധമായ കാര്യങ്ങൾ പറഞ്ഞത് ഞാനല്ല. ശ്രീ. പി. ശ്രീരാമകൃഷ്ണനും പ്രതിപക്ഷ ഉപനേതാവുമാണ്. അവരാണ് ഈ കാര്യങ്ങൾക്ക് മറുപടി പറയേണ്ടത്. അവർ അന്നത്തെ വാദം പിൻവലിക്കണം.

ശ്രീ. കെ. എം. ഷാജി: സർ, ഇവിടെ എഞ്ചിനീയറിംഗ് കോളേജ് തന്നെയാണ്. എഞ്ചിനീയറിംഗ് കോളേജ് എന്നത് ബ്രോഷറിനകത്തുണ്ട്. ഇവിടെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞാനിത് തെളിവായി ഇവിടെ വയ്ക്കാം. ശ്രീ. പി. ശ്രീരാമകൃഷ്ണൻ മേശപ്പുറത്തുവച്ചതുപോലെ സാംഗത്യമില്ലാത്ത പണിയൊന്നും ഞാൻ ചെയ്യില്ല. ഇത് ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ മേശപ്പുറത്ത് ഞാൻ വയ്ക്കാം. പ്രതിപക്ഷ ഉപനേതാവിന്റെ മേശപ്പുറത്ത് വയ്ക്കാം. ഗവൺമെന്റിന് അപേക്ഷ കൊടുത്തില്ലെന്ന് പറഞ്ഞു. ഗവൺമെന്റിന് കൊടുത്ത അപേക്ഷ ഇതിലുണ്ട്. ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്, ഗവൺമെന്റ് ഓഫ് കേരള, തിരുവനന്തപുരം .........(തടസ്സം).... തീരുന്നില്ല. ഇവർ യൂണിവേഴ്സിറ്റിയിൽ കൊടുത്ത അപേക്ഷ ഗവൺമെന്റ് റിജക്ട് ചെയ്തു. കാണിച്ചുതരാം. അതിൽ എന്താണ് പറയുന്നതെന്നറിയാമോ? ഇതിനപേക്ഷ കൊടുക്കരുത് എന്നുപറഞ്ഞ് എഴുതുന്ന റിപ്പോർട്ടിൽ മൂന്ന് കാരണങ്ങൾ പറഞ്ഞു. ഒന്ന്, ഇവരുടെ സ്ഥാപനത്തിന് സ്റ്റാറ്റ്യൂട്ട് അനുസരിച്ചുള്ള സ്ഥലമില്ല. രണ്ടാമത്

ബിൽഡിംഗ് ഉണ്ടാക്കിയിട്ടില്ല. മൂന്നാമത് അടിസ്ഥാന സൗകര്യങ്ങളില്ല. പാട്ടക്കച്ചവടമാണ്. പീടിക കോലായിൽ കൊണ്ടുപോയി കോളേജ് നടത്തി, ആ കോളേജുകൾ കേരളത്തിലെ യുവജനപ്രസ്ഥാനങ്ങളെ അപമാനിക്കാൻവേണ്ടി. സ്വാശ്രയ മേഖലയിൽ ഇവർ നടത്തിയ സ്ഥാപനത്തിന്റെ പേരിൽ ഇവരുടെ തന്നെ സംഘടന കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഇറക്കിയ നോട്ടീസാണിത്. ഇവരുടെ ബ്രോഷറിനകത്ത് പറയുന്നത് എങ്ങനെ ഇൻവെസ്റ്റ് ചെയ്യാം ...........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, I am on a point of order. 307, അവാസ്തവമായ കാര്യങ്ങൾ സഭയിൽ വീണ്ടും പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. സ്വാശ്രയ കോളേജുകളോടാകെ യുദ്ധം പ്രഖ്യാപിക്കുകയോ .................

മി. ചെയർമാൻ: അങ്ങ് പോയിന്റ് പറയൂ. ഇത് സ്റ്റേറ്റ്മെന്റ് സമയമല്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, സ്വാശ്രയ കോളേജുകളോടാകെ യുദ്ധം പ്രഖ്യാപിക്കുകയോ സ്വാശ്രയ കോളേജുകളൊക്കെ പൂട്ടണമെന്ന് പറയുകയോ ചെയ്തിട്ടില്ല. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവുമായി ബന്ധപ്പെട്ട പ്രശ്നം മാത്രമാണിവിടെ ചർച്ച ചെയ്തത്. അതിന്റെ ഭാഗമായി ഇല്ലാത്ത ഉടമസ്ഥാവകാശം എന്നിൽ കെട്ടിയേൽപ്പിക്കാനാണ് ശ്രമിച്ചത്. ഞാൻ ഇപ്പോഴും പറയുന്നു ഞാനൊരു കോളേജിന്റെയും ഉടസ്ഥാവകാശത്തിലില്ല. ഇല്ലാത്തതാണ്. അത് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

മി ചെയർമാൻ: അത് പരിശോധിച്ച് പിന്നീട് പറയാം.

ശ്രീ. കെ. എം. ഷാജി: സർ, അരമണിക്കൂർകൊണ്ട് വെബ്സൈറ്റിൽ നിന്ന് സ്വന്തം ഫോട്ടോ മാറ്റിയതോടുകൂടിത്തന്നെ ഇതൊരു മോശപ്പെട്ട ഏർപ്പാടാണെന്ന് മൂപ്പർക്ക് ബോദ്ധ്യമായിയെന്ന് ഞങ്ങൾക്ക് വ്യക്തമാണ്. അതുകൊണ്ട് കുഴപ്പമില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയാം. അങ്ങാടിയിൽകൂടി പോവുകയും വേണം ആനപ്പുറത്തിരിക്കുകയും വേണം അത് നട്ടുച്ചസമയത്താവുകയും വേണം നാട്ടുകാർ കാണുകയും ചെയ്യരുതെന്ന പരിപാടിയുണ്ടല്ലോ ........... കമ്മ്യൂണിസം പറയുകയും വേണം, സ്വാശ്രയ മേഖലയെ എതിർക്കുകയും വേണം. നല്ലപണം കിട്ടിയാൽ അത് അടിച്ചു മാറ്റുകയും വേണമെന്ന ഏർപ്പാട് മാറ്റണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നത് ഗവൺമെന്റ് നിലവാരമില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയാണെങ്കിൽ ആ അടിയന്തരപ്രമേയം കൊണ്ടുവന്ന ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ കോളേജാണ് കേരളത്തിൽ ആദ്യം അടച്ചുപൂട്ടേണ്ടത് എന്നതിന്റെ തെളിവാണ് ഇതിനകത്തുള്ള ഓരോ കാര്യങ്ങളും. അവർതന്നെ എഴുതിവച്ച കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഈ നോട്ടീസിൽ അവർ പറയുന്നത് സുരക്ഷിതമായ നിക്ഷേപ മേഖല കണ്ടെത്തുക എന്നതോടൊപ്പം സാമൂഹ്യ സേവനത്തിനുള്ള ഈ അവസരവും നിങ്ങൾ പാഴാക്കരുതെന്നാണ്. എന്നുവച്ചാൽ വീട്ടിൽ സ്വർണ്ണം വച്ചിട്ടെന്തിന്........... അതു തന്നെയാണ് പരിപാടി. നാട്ടുകാരുടെ പൈസ മുഴുവൻ കൊണ്ടുവരാൻ

വേണ്ടി ആകർഷകമായ പദ്ധതികൾ പറഞ്ഞുകൊടുക്കുകയാണ്. അതിൽത്തന്നെ പറയുകയാണ് വൻതുക മുതൽമുടക്കുള്ള സ്വാശ്രയ സ്ഥാപനത്തിൽ ഈ പാവം തൊഴിലാളി നേതാവ് എത്ര പണം നിക്ഷേപിച്ചിട്ടാണ് ചീഫ് പ്രൊമോട്ടറായത് എന്ന് ഞങ്ങൾ ചോദിച്ചു. അപ്പോൾ അതിന്റെ ഉത്തരം എന്റെ നിക്ഷേപം എന്റെ ബുദ്ധിതന്നെയാണ്. അതാണെന്റെ നിക്ഷേപമെന്നാണ്.  നിങ്ങൾ മനസ്സിലാക്കുക ബുദ്ധിവരെ കച്ചവടം ചെയ്തിട്ട് കേരളത്തിലെ സ്വാശ്രയ മേഖലയിൽ വമ്പിച്ച കച്ചവടം നടത്തുന്നവരാണ്. അവർ നടത്തിക്കോട്ടെ. ആക്ഷേപമൊന്നുമില്ല. ഇത് രാജ്യത്ത് വിലക്കപ്പെട്ട കാര്യമൊന്നുമല്ല. പക്ഷേ എന്തിനാണ് സൈറ്റിൽ നിന്ന് ഫോട്ടോ മാറ്റുന്നത്. എന്തിനാണ് സഭയിൽ വിദ്യാഭ്യാസ മന്ത്രിയെക്കൊണ്ട് മാപ്പ് പറയിപ്പിക്കുന്നത്. അത് രേഖയിലുണ്ടാകാൻ പാടില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് സത്യമാണ്. ആ സത്യത്തിന്റെ പേരിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ മാപ്പ് പറയിപ്പിക്കാൻ ശ്രമിപ്പിച്ച പ്രതിപക്ഷ ഉപനേതാവാണ് മാപ്പുപറയേണ്ടത് എന്നാണ് എന്റെ അഭിപ്രായം. മറ്റൊരു കാര്യം കൂടി. ബഹുമാനപ്പെട്ട കെ. കെ. നാരായണൻ നേരത്തെ പറഞ്ഞൊരുകാര്യം കൂടി പറഞ്ഞുകൊണ്ട് ........ ഇന്ന് കണ്ണൂരിൽ നിന്ന് വരുന്നൊരു വാർത്ത കൂടിയുണ്ട്. ഇവർ പച്ച അണിയിപ്പിക്കുന്നതിനെക്കുറിച്ചാണല്ലോ പറയുന്നത്. ഫസലിന്റെ മൂന്ന് സുഹൃത്തുക്കളായ റെയ്സിനെയും സലീമിനെയും ജിജേഷിനെയും കൊലപ്പെടുത്തിയത് ഫസൽ വധക്കേസിലെ തെളിവ് നശിപ്പിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞ് സലീമിന്റെ വാപ്പ

കോടതിയെ സമീപിച്ച ദിവസമാണിന്ന്. റെയ്സിനെ 2008–ൽ വധിച്ചു. ന്യൂമാഹി പാലത്തിലാണ് റെയ്സിന്റെ ബോഡി കണ്ടത്. ആ കൊലപാതക ത്തെക്കുറിച്ച് ഞാൻ പാർട്ടിയിൽ എതിർത്തിട്ടുളളതുകൊണ്ട് ഞാനും കൊല്ലപ്പെടുമെന്ന് അന്ന് രാത്രി ജിജേഷ് ഒരു കല്യാണവീട്ടിൽ വച്ച് പറ ഞ്ഞിരുന്നു. ആ ദിവസം തന്നെ ജിജേഷ് കൊല്ലപ്പെട്ടു. റെയ്സും ജിജേഷും കൊല്ലപ്പെട്ടാൽ എനിക്കിവിടെ ജീവിക്കാൻ കഴിയില്ലെന്നുപ റഞ്ഞ് വിസ എടുത്ത് ഗൾഫിലേയ്ക്ക് പോകാൻ ശ്രമിക്കുന്ന ദിവസങ്ങ ളിൽ വീണ്ടും സലീമും കൊല്ലപ്പെടുകയാണ്. മനുഷ്യന്റെ ചോരകൊണ്ട് മലയാളത്തെ ചുവപ്പിക്കുന്ന ഇവരാണ് ഹരിതാഭമായിട്ടുള്ള പച്ച കൊണ്ടു വരുന്നതിനെക്കുറിച്ച് വിമർശിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. എല്ലാ തലത്തിലും ധൈര്യപൂർവം മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണാർത്ഥത്തിൽ പിന്തുണച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, I am on a point of order.

മി. ചെയർമാൻ: യെസ്.....എന്താണ് അങ്ങയുടെ പോയിന്റ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, അടിയന്തരപ്രമേയം അവതരിപ്പിച്ച പ്പോൾ സത്യവിരുദ്ധമായി ശ്രീ. പി. ശ്രീരാമകൃഷ്ണനും പ്രതിപക്ഷ ഉപനേതാവും ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ രേഖയിൽ നിന്ന് നീക്ക ണം.

മി. ചെയർമാൻ: അത് രേഖ പരിശോധിച്ച ശേഷം പിന്നീട് പറയാം. ഇവിടെ അംഗങ്ങൾ സംസാരിച്ച സമയത്ത് കള്ളം പറയുന്നു എന്ന വാക്ക് ഉപയോഗിച്ചത് നീക്കം ചെയ്യുകയാണ്. അതിന് പകരം സത്യവിരുദ്ധം എന്ന വാക്കാണ് ഉപയോഗിക്കേണ്ടത്. കള്ളമെന്ന വാക്ക് നീക്കം ചെയ്യുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഇവിടെ കോൺഗ്രസ്സിന്റെ ഗർഭപാത്ര ത്തിൽ നിന്ന് ഒരത്ഭുത ജീവി പിറവി എടുത്തിരിക്കുകയാണ്. ആ അത്ഭുത ജീവിക്ക് മൂന്നുതലയും ഒരു ഉടലുമാണ്. മൾട്ടി കളറാണ്. രണ്ടു തലയ്ക്ക് പച്ച നിറം. ഒരു തലയ്ക്ക് പച്ചയും ചുവപ്പും വെളളയും നിറമാ ണ്. ഈ അത്ഭുതജീവി കേരളത്തിൽ എന്താണ് ചെയ്യുന്നത് എന്ന് നമ്മൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയാണ് നടക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷം എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് ശ്രീ. പാലോളി മുഹമ്മദ്കുട്ടി തദ്ദേശസ ്വയംഭരണ വകുപ്പ് വളരെ ഭംഗിയായി കൈകാര്യം ചെയ്തുകൊണ്ടുവന്ന താണ്. ഇപ്പോൾ ഒരുപാട് നേട്ടങ്ങളുണ്ട്. അത് ഇവർക്ക് മനസ്സിലാകില്ല. പക്ഷേ ഇപ്പോൾ ആ തദ്ദേശസ്വയംഭരണ വകുപ്പിനെ ദുരുദ്ദേശ സ്വയംഭരണ വകുപ്പാക്കി മാറ്റിയിരിക്കുകയാണ് അവർ. ആ വകുപ്പിൽ 1994-ൽ പഞ്ചായത്ത് രാജ് ആക്ട് നടപ്പിലായതിനുശേഷം 1995 -ൽ കേരള ത്തിലെ എല്ലാ പഞ്ചായത്തുകളിലും ജനകീയാസൂത്രണം ഉൾപ്പെടെ വന്ന താണ്. അന്ന് 27 വകുപ്പുകൾ വൈദഗ്ധ്യങ്ങൾ നിറഞ്ഞ വകുപ്പുകൾ പഞ്ചായത്തിന് കൈമാറി. ആ പഞ്ചായത്തുകളിൽ നിരവധി തസ്തികകൾ സൃഷ്ടിച്ചു. പക്ഷേ ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം തസ്തി കകൾ സൃഷ്ടിച്ചില്ല എന്നു മാത്രമല്ല ഉദ്യോഗസ്ഥന്മാരെ കൂടെക്കൂടെ മാറ്റി ക്കൊണ്ടിരിക്കുന്നു. ഒരു മന്ത്രിയുടെ ഇടപെടൽ മുഖാന്തിരം മൂന്ന് സെക്ര

ട്ടറിമാരാണ് മാറിപ്പോയത്. ഇപ്പോൾ ഒരു സെക്രട്ടറി ഡെപ്യൂട്ടേഷനിൽ പോകാൻ വേണ്ടി നിൽക്കുകയാണ്. എന്താണ് ഇവിടെ നടക്കുന്നത്? ഒരു കാര്യവും ഈ മേഖലയിൽ ഈ ഗവൺമെന്റ് ചെയ്യുന്നില്ല. ഇപ്പോൾ എനിക്കുമുമ്പേ പലരും ഇവിടെ സൂചിപ്പിച്ചു, ഡോ.എൻ.ജയരാജ് ഇവിടെ പറഞ്ഞു, സ്നേഹപൂർവ്വം, നിർഭയം, വയോമിത്രം, താലോലം ഇതെല്ലാം അദ്ദേഹത്തിന്റെ സ്വപ്നങ്ങളാണ്. എനിക്ക് ഡോ.എം.കെ. മുനീറിനോട് പറയാനുള്ളത് നിർഭയത്തോടെ അദ്ദേഹം ഒരു പഞ്ചായത്തിന്റെ മന്ത്രിയാകണം. ഇപ്പോൾ അദ്ദേഹം ഭീഷ്മരെപ്പോലെയാണ്. പുരുവംശത്തിന്റെ നായകൻ ഭീഷ്മരാണ്. പക്ഷേ കാര്യങ്ങളെല്ലാം ചെയ്യുന്നത് വേറെ പലരുമാണ്. അതുപോലെയാണ് അദ്ദേഹത്തിന്റെ അവസ്ഥ. ഇപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ വകുപ്പൊന്നുമില്ല. കാര്യങ്ങൾ ചെയ്യുന്നത് ഒന്ന് ശ്രീ. കെ.എം. മാണിയാണ്. അദ്ദേഹത്തിന്റെ കയ്യിലാണ് കാരുണ്യവും സാഫല്യം പദ്ധതി. അതുപോലെ തന്നെയാണ് ശ്രീ. മഞ്ഞളാംകുഴി അലി. അദ്ദേഹത്തിന്റെ കയ്യിലാണ് ഒരു വകുപ്പ്. വേറൊരു വകുപ്പ് ശ്രീ. കെ. സി. ജോസഫിന്റെ കയ്യിലാണ്. എന്താണ് പഞ്ചായത്ത് വകുപ്പിന്റെ കയ്യിലുള്ളത്. ഒന്നുമില്ല. ഭീഷ്മാചാര്യരെപ്പോലെ ഇങ്ങനെ നിൽക്കുകയാണ് അദ്ദേഹം. ഒരു കാര്യവും ചെയ്യുന്നില്ല. ബാക്കിയെല്ലാം ആളുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ആ അവസ്ഥ മാറണം. അദ്ദേഹം നിർഭയമായി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയോട് എന്റെ മുഴുവൻ ശക്തിയും തിരിച്ചുതരണമെന്ന് പറയണം. ഇതാണ് എനിക്ക് അദ്ദേഹത്തോട് ആവശ്യപ്പെടാനുള്ളത്. വേറൊരു

കാര്യം കൂടി ആവശ്യപ്പെടാനുണ്ട്. സാമൂഹ്യ പെൻഷൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൃത്യമായി കൊടുത്തുകൊണ്ടിരുന്നതാണ്. ഇപ്പോൾ ആ സാമൂഹ്യ പെൻഷൻ എല്ലാം അവതാളത്തിലാണ്. ഇപ്പോൾ തന്നെ ഏതാണ്ട് മൂന്നുമാസം മുതൽ ആറുമാസം വരെ കുടിശ്ശിക ആയിരിക്കുകയാണ്. എത്രയും പെട്ടെന്ന് ആ സാമൂഹ്യ പെൻഷനുകളെല്ലാം കൊടുക്കാൻ കഴിയണം. അതുപോലെ തന്നെയാണ് ഐ.സി.ഡി.എസ്. അംഗനവാടികളുടെ സ്ഥിതി. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ അംഗനവാടികൾ പലയിടത്തും സൗകര്യങ്ങൾ കുറവാണ്. കെട്ടിടങ്ങളില്ല അതുപോലെ ആവശ്യമായ ജീവനക്കാരില്ല. അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരെപ്പോലെ കണ്ട് അവർക്ക് പി.എഫ്, ഇ.എസ്.ഐ. അടക്കമുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കണം. അതുപോലെ പിരിഞ്ഞുപോകുമ്പോൾ കുറഞ്ഞത് ഒരുലക്ഷം രൂപയെങ്കിലും നൽകാനുള്ള തീരുമാനം ഉണ്ടാകണം. അതുപോലെ തന്നെ അംഗവൈകല്യമുള്ള മക്കളുള്ള അംഗനവാടി ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് കൊടുക്കുന്നതുപോലെ 15 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണം. അതുപോലെ ആദിവാസി മേഖലകൾ, പട്ടികജാതി കേന്ദ്രങ്ങൾ, മൽസ്യമേഖലകൾ എന്നിവിടങ്ങളിലെ കുട്ടികൾ പോഷകാഹാരക്കുറവ് മൂലം ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഉള്ളപ്പോഴാണ് വിലക്കയറ്റം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണത്തിൽ ജനങ്ങളും കുട്ടികളുമില്ല എന്തിന് രാഷ്ട്രം പോലുമില്ല. എല്ലാ വസ്തുക്ക

ളെയും ചരക്കായി മാത്രം കാണുന്ന ആഗോളവൽക്കരണ കാലഘട്ടത്തിൽ നീതിയ്ക്ക് സ്ഥാനമില്ലാതായിരിക്കുകയാണ്. ബഹുമാന്യനായ എം.കെ. മുനീർ ഇത്തരം വേദനകളും രാത്രികളിൽ ഉറക്കം കെടുത്തുന്ന വിശന്നുക രയുന്ന കണ്ണുനീരിനു മുന്നിൽ മന:സ്സാക്ഷി ഉള്ള ആർക്കാണ് മൗനിയായി ഇരിക്കാൻ കഴിയുക. അങ്ങ് മൗനം വിട്ട് ഉണരുക. അതുപോലെ തന്നെ കുടുംബശ്രീ ഏറ്റവും നന്നായി പോയിരുന്നതാണ്. ഇന്ന് കേരളത്തിൽ ഏതാണ്ട് 40 ലക്ഷത്തിലധികം വരുന്ന അടിച്ചമർത്തപ്പെട്ട സ്ത്രീകൾ കരി വള വാങ്ങണമെങ്കിൽ പോലും വീട്ടിൽ കുടുംബനാഥന്റെ അനുവാദം വേണമായിരുന്നു. ആ സ്ത്രീകളെ പൊതുരംഗത്തേയ്ക്ക് ഉയർത്തിക്കൊ ണ്ടുവന്നത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റായിരുന്നു. ഇന്ന് 40 ലക്ഷ ത്തിലധികം വരുന്ന കുടുംബശ്രീകൾ ഏതാണ്ട് അയ്യായിരം കോടിരൂപയി ലധികം സേവന ഉൽപ്പാദന പശ്ചാത്തല മേഖലകളിൽ ചെലവഴിച്ചുകൊ ണ്ടിരിക്കുകയാണ്. ആ കുടുംബശ്രീയെ തകർക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കു ന്നത്. കുടുംബശ്രീയെ തകർക്കാൻ വേണ്ടി യു.ഡി.എഫ്. ജനശ്രീ കൊണ്ടുവന്നിരിക്കുന്നു. കുടുംബശ്രീയെ തകർത്താൽ 40 ലക്ഷം കുടും ബങ്ങളാണ് തകരുന്നത്. അവരുടെ ഉപജീവനമാണ് തകരുന്നത്. കുടുംബ ശ്രീയുടെ ശുക്രദശയിൽ ആകസ്മികമായി കടന്നുവന്ന കണ്ടകനാണ് ജന ശ്രീ. ആ ജനശ്രീയെ അവജ്ഞയോടെ തള്ളി കുടുംബശ്രീയെ ശക്തിപ്പെടു ത്താൻ ശ്രീ..എം കെ. മുനീറിനു കഴിയുമോ; കഴിയില്ല; അദ്ദേഹത്തിന്റെ

കയ്യിൽ വകുപ്പില്ല. എങ്ങനെയാണ് ഇത് ചെയ്യുന്നത്; അനീതി കാട്ടുന്നവരുടെ കൈ വെട്ടാൻ കല്പന നൽകിയ വേലുത്തമ്പി ദളവയുടെ പ്രതിമയുടെ പശ്ചാത്തലത്തിൽ നിന്നാണ് ഇതെല്ലാം ചെയ്യുന്നത്. എങ്ങനെയാണിത് സഹിക്കുന്നത്; എന്താണിവർ ചെയ്തുകൊണ്ടിരിക്കുന്നത്? അതുപോലെതന്നെ ഭവന നിർമ്മാണത്തിൽ ഐ.എ.വി. അടക്കം ഗവൺമെന്റ് കൊടുക്കുന്ന ഉപഭോക്താക്കളെ കണ്ടെത്തിയത് പഞ്ചായത്താണ്. പക്ഷേ സാഫല്യം പദ്ധതിയടക്കം അതിന്റെ ഉപഭോക്താക്കളെ കണ്ടെത്തിതാരാണ്; പഞ്ചായത്തിന് എന്താണ് അധികാരം; ഒരു അധികാരവുമില്ല. അതു കണ്ടെത്തിയത് ശ്രീ. കെ.എം. മാണി സാറാണെന്നാണ് പറയുന്നത്. അതാണ് ജയരാജ് സാർ സൂചിപ്പിച്ചത്. എല്ലാ അധികാരവും മുനീർസാറിൽ നിന്നും കവർന്നെടുത്തുകൊണ്ടു പോയിരിക്കുന്നു. ഇപ്പോൾ തന്നെ എം.എൻ. ലക്ഷംവീട് പദ്ധതി, ആ എം.എൻ. ലക്ഷം വീട് പദ്ധതിയിൽ പാവങ്ങളുടെ നേതാവായിരുന്ന ശ്രീമാൻ എം.എൻ.–നെ ആർക്കും മറക്കാൻ പറ്റില്ല. കഴിഞ്ഞ ഗവൺമെന്റ് അദ്ദേഹം കൊണ്ടുവന്ന ലക്ഷംവീട് പദ്ധതിയിലെ വീടുകളെല്ലാം ഒറ്റവീടുകളാക്കാൻ തീരുമാനിച്ചു. കേരളത്തിൽ ഇനിയും നിരവധി ലക്ഷം വീടുകൾ ഒറ്റ വീടാക്കാനുണ്ട്. ഒറ്റവീടാക്കുന്ന പദ്ധതി ഇപ്പോൾ നിന്നിരിക്കുകയാണ്. ആ പദ്ധതി തുടർന്ന് നടപ്പിലാക്കാൻ വേണ്ടി അതിനാവശ്യമായ ഫണ്ട് കൊടുക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമായ ഫണ്ട് കൊടുക്കാൻ നടപടി പഞ്ചായത്തുവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ ആത്മാർത്ഥമായി ആവ

ശ്യപ്പെടുകയാണ്. ഈ ജനദ്രോഹഭരണം അവസാനിച്ചെങ്കിൽ മാത്രമേ കേരളത്തിലെ ജനങ്ങൾക്ക് രക്ഷയുള്ളു. കോൺഗ്രസ് എന്താണ് പറഞ്ഞത്. അവർ പറഞ്ഞത് കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ കോൺഗ്രസിന് ഭൂരിപക്ഷം ഉള്ള ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ വന്നാൽ മാത്രമേ ജനങ്ങൾക്ക് രക്ഷയുള്ളു എന്നാണ്. കേന്ദ്രത്തിൽ കോൺഗ്രസ് അല്ലേ ഇരിക്കുന്നത്? ജനങ്ങൾക്ക് എന്തെങ്കിലും രക്ഷയുണ്ടോ? അവിടെ ആളുകൾ പട്ടിണി കിടന്ന് മരിച്ചുവീഴുകയല്ലേ. അപ്പോൾ അവർ പറഞ്ഞു കേരളത്തിൽ കൂടി കോൺഗ്രസിന് ഭൂരിപക്ഷമുള്ള ഗവൺമെന്റ് വരണമെന്ന് കേരളത്തിൽ ഇപ്പോൾ ഭൂരിപക്ഷം കുറവാണെങ്കിലും ഇപ്പോൾ കോൺഗ്രസ് അല്ലേ ഭരിക്കുന്നത്; എന്താണ് നേട്ടം. ഇവിടെയും ജനങ്ങൾ മരിച്ചുവീഴുകയാണ്. ഗ്രീസിൽ ജീവിച്ചിരുന്ന ഒരു ഭീകരനുണ്ടായിരുന്നു. പ്രൊക്രുസ്ഥാനിസ് എന്നാണ് അദ്ദേഹത്തിന്റെ പേര്. വല്ലാത്ത പേരാണത്. അദ്ദേഹം ഗ്രീസിലെ വലിയ ഭീകരനായിരുന്നു. അദ്ദേഹത്തിനൊരു നയമുണ്ടായിരുന്നു. വെറുത്താൽ വെട്ടിക്കൊല്ലും. സ്നേഹിച്ചാൽ നക്കിക്കൊല്ലും. ഏതായാലും കൊല്ലുമെന്ന് ഉറപ്പാണ്. അദ്ദേഹം ഗ്രീസിലെ ഏറ്റവും വലിയ ഭീകരനായിരുന്നു. ഈ ഭീകരൻ വഴിയരികിൽ കല്ലുകൊണ്ടൊരു കിടക്ക ബലമായി പിടിച്ച് അവിടെ നിൽക്കും. ആളുകൾ വന്നാൽ ആ കിടക്കയിൽ ബലമായി പിടിച്ചുകിടത്തും. ആളിന്റെ നീളം കിടക്കയെക്കാൾ കൂടുതലാണെങ്കിൽ കാൽ വെട്ടിക്കളയും. കിടക്കയെക്കാൾ കാലിന് നീളം കുറവാണെങ്കിൽ വലിച്ചുനീട്ടും. എങ്ങനെയാണെങ്കിലും കൊല്ലുമെന്നുറപ്പാണ്.

അതുപോലെയാണ് കേന്ദ്രത്തിൽ കോൺഗ്രസ് വന്നാലും കേരളത്തിൽ കോൺഗ്രസ് വന്നാലും ജനങ്ങൾക്ക് ജീവിക്കാൻ പറ്റില്ല എന്ന അവസ്ഥ യാണ് ഇവിടെ നിലനിൽക്കുന്നത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>മി. ചെയർമാൻ:</u> പേഴ്സണൽ എക്സ്പ്ലനേഷൻ ശ്രീ. പി. ശ്രീരാമ കൃഷ്ണൻ. 288 ആണ് എക്സ്പ്ലനേഷൻ. അങ്ങേയ്ക്ക് അത് ഉന്നയിക്കാം. പക്ഷേ no debate at all. ചുരുങ്ങിയ വാചകത്താൽ അങ്ങേയ്ക്ക് വ്യക്തി പരമായ വിശദീകരണം നൽകാം. No debate.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണ നിലവാരത്തിന്റെ പ്രശ്നത്തിലാണ് അടിന്തര പ്രമേയം ചർച്ച നടത്തിയത്. എഞ്ചിനീയറിംഗ് കോളേജുകളിൽ 40 ശതമാനത്തിനു താഴെ വിജയ ശത മാനമുള്ള കോളേജുകൾ അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോട തിയുടെ വിധിയാണ് ഈ അടിയന്തര പ്രമേയത്തിന് പ്രചോദനമായത്. അത് ഉന്നയിക്കുന്നതിനിടയിലാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങയുടെ കോളേജിലും ഞാൻ അനുമതി നൽകിയിട്ടുണ്ട് എന്നൊരു പ്രയോഗമാണ് നടത്തിയത്. ഞാനൊരു കോളേജിനും അപേക്ഷ നൽകിയിട്ടില്ല എന്നു പറ ഞ്ഞപ്പോൾ പറഞ്ഞു അങ്ങ് ഡയറക്ടർ ബോർഡിലുള്ള കോളേജാണ് അപേക്ഷ നൽകിയത്. അപ്പോൾ ഞാൻ അത് വീണ്ടും ആവർത്തിച്ചു ഞാൻ ഒരു കോളേജിലും ഡയറക്ടർ ബോർഡിൽ മെമ്പറല്ല. ഈ പറയുന്ന രണ്ടു

കാര്യങ്ങളിലും ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. ഈ കാര്യം ആവർത്തിച്ചാവർത്തിച്ച് അപവാദ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നാമത്തെ കാര്യം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് മുഴുവൻ ഞങ്ങൾ ശത്രുത പ്രഖ്യാപിച്ചിട്ടില്ല. ലാഭേച്ഛ ഇല്ലാത്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് സഹകരിക്കുന്ന സമീപനം വർഷങ്ങളായി ഞങ്ങൾ തുടരുന്നുണ്ട്. ഞങ്ങൾക്കതിന് ഒരു മടിയുമില്ല. നിങ്ങൾ ഇല്ലാത്തത് പറഞ്ഞുണ്ടാക്കരുത്. നിങ്ങളുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന കള്ളക്കച്ചവടത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ ഉണ്ടായ.........

<u>മി. ചെയർമാൻ:</u> No controversial statement please......

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, controversial ഒന്നും ഞാൻ നടത്തിയിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അനാവശ്യമായ ഒരു വിവാദം വീണ്ടും വീണ്ടും ഉന്നയിക്കുന്നത് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ ചെയറിനോട് അഭ്യർത്ഥിക്കുന്നു.

<u>മി. ചെയർമാൻ</u>: ചെയർ അത് പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശന്‍ : സര്‍, ഞാന്‍ ഈ ധനാഭ്യര്‍ത്ഥനകളെ പിന്തുണയ്ക്കുകയാണ്. വനസംരക്ഷണത്തിനും നമ്മുടെ ആവാസ വ്യവസ്ഥകള്‍ സംരക്ഷിക്കുന്നതിനും വേണ്ടി ലോകം മുഴുവന്‍ വലിയ മുറവിളികള്‍ ഉയര്‍ത്തുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഇവിടെ ഏറ്റവും സന്തോഷകരമായ ഒരു കാര്യം, പ്രകൃതി കനിഞ്ഞു നല്‍കിയ നമ്മുടെ പശ്ചിമഘട്ട മലനിരകള്‍ ലോകപൈതൃക സ്വത്തായി യുനസ്കോ പ്രഖ്യാപിച്ചതിന്റെ ആഹ്ലാദകരമായ പശ്ചാത്തലത്തിലാണ് ഇന്ന് ഈ ചര്‍ച്ച ഇവിടെ നടന്നത്. കേരളത്തിലെ ഇരുപതോളം പ്രധാനപ്പെട്ട സ്ഥലങ്ങള്‍ നാല് യൂണിറ്റുകളായി തിരിച്ച് അഗസ്ത്യാര്‍ മലയും പെരിയാറും ആനമുടിയും നെല്ലിയാമ്പതിയും സൈലന്റ്വാലിയുമെല്ലാം ഉള്‍പ്പെട്ട ഈ പ്രദേശങ്ങള്‍ വംശനാശം നേരിടുന്ന മൃഗങ്ങളും ചെടികളുമുള്ള അപൂര്‍വ്വമായ സ്പീഷ്യസുള്ള പ്രദേശമാണ് എന്ന് ഇന്ന് ലോകം മുഴുവന്‍ അറിഞ്ഞിരിക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാര്‍ട്ട്മെന്റിന്റെ മോഡണൈസേഷന്‍ റിപ്പോര്‍ട്ട് സംസ്ഥാന ഗവണ്‍മെന്റിന് സമര്‍പ്പിക്കപ്പെട്ടിട്ടുണ്ട്. ആ റിപ്പോര്‍ട്ടിന്റെ തുടക്കംതന്നെ ഇങ്ങനെയാണ്. The Western Ghats is a rich and unique repository of rare and endangered flora and fauna. Endemism is extremely high in the evergreen, semi-evergreen, moist deciduous mountain and subtropical sholars and grass lands and dry deciduous forest ecosystems in this landscape.

അപൂർവ്വമായ ഈ ജൈവവൈവിദ്ധ്യ കലവറയെ സംരക്ഷിക്കാൻ നമുക്ക് കഴിയണം, അതിനുള്ള നടപടികൾ സ്വീകരിക്കണം. ഇനി ലോകത്തിൽ അവശേഷിക്കുന്ന ചില സസ്യജാലങ്ങളുടെ മൂന്നുചെടികൾ മാത്രമുള്ള ചില പ്രദേശങ്ങൾ വരെയുണ്ട്. അതുപോലെയുള്ള റെയർ സ്പീഷ്യസ് ഇവിടെ ധാരാളമായുണ്ട്. ഈ മലയോരങ്ങളുടേയും വനങ്ങളുടേയും നിലനിൽപ്പ് ജലസുരക്ഷയുമായിപോലും ബന്ധപ്പെട്ട് കിടക്കുകയാണ്. ഇവിടെ ഉണ്ടാകുന്ന ആനുവൽ റെയിൻഫാൾ എന്നു പറയുന്നത് 3000 മില്ലിമീറ്ററാണ്. അതെല്ലാം 41 നദികളിലൂടെ ഒഴുകി കടലിൽ പോകുകയാണ്. വൈവിദ്ധ്യമാർന്ന നിബിഡവനങ്ങളുടെ അഭാവംമൂലം ഹരിതാഭമായ പ്രകൃതിക്കും നമ്മുടെ കാർഷിക മേഖലയ്ക്കുമെല്ലാം ഭീക്ഷണി ഉയർത്തി അമൂല്യമായ ഈ ജൈവവൈവിദ്ധ്യത്തിന്റെ മണ്ണുകൂടി ഒലിച്ചുപോകുന്ന ഒരവസ്ഥയാണ്. കാട്ടുതീയെ നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ട് ഉണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ അവിടത്തെ സസ്യജൈവജാലകങ്ങളെ തകർക്കുന്നുവെന്നു മാത്രമല്ല കാടിന്റെ ജലാംശത്തെവരെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ഇവിടെ വലിയൊരു തർക്കം നടക്കുന്നുണ്ട്. വികസനവാദികൾ എന്ന് നേരത്തെ ശ്രീ. വി.റ്റി. ബലറാം സൂചിപ്പിച്ചതുപോലെ സ്വയം പ്രഖ്യാപിച്ചിട്ടുള്ള ആളുകൾ വനസംരക്ഷണത്തിനുവേണ്ടി വാദിക്കുന്ന ആളുകളെ മുഴുവൻ പരിഹസിക്കുകയാണ്. ഇന്ദിരാഗാന്ധിയെന്ന ദീർഘവീക്ഷണമുള്ള ഒരു നേതാവില്ലായിരുന്നുവെങ്കിൽ നമുക്ക് സൈലന്റ് വാലി ഒരു ഓർമ്മ മാത്രമാകുമായിരുന്നു. എന്നിട്ടും ഇവർ പറയുന്നത്,

സൈലന്റ് വാലിയിലെ സിംഹവാലൻകുരങ്ങിനെ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടാണെന്നാണ്. മനുഷ്യനേക്കാൾ വലുതാണോ സിംഹവാലൻ കുരങ്ങ് എന്ന് ചോദിക്കുന്ന ഈ വികസനവാദികൾ ഒരു കാര്യം മറന്നുപോയി. ഈ വനത്തിന്റേയും വനത്തിലെ ജൈവ വൈവിദ്ധ്യകലവറയുമാണ് വികസനത്തിന്റെ അടിസ്ഥാനമെന്നുള്ള യാഥാർത്ഥ്യം അവർ വിസ്മരിച്ചുപോകുന്നു. ഈ പശ്ചിമഘട്ടത്തിലെ നദീതടങ്ങളും നിബിഢവനങ്ങളും സംരക്ഷിച്ചില്ലെങ്കിൽ രൂക്ഷമായ വരൾച്ചയും വെള്ളപ്പൊക്കവും നമ്മുടെ നാട്ടിലുണ്ടാകും എന്നിവർ മറന്നുപോവുകയാണ്. നമ്മുടെ നദികളിൽ പലതും സീസണിൽ ആണ് ഒഴുക്കുണ്ടാകുന്നത്. ആ നദികളിലെ ഒഴുക്ക് നിലയ്ക്കും. വികസനവാദികളുടെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമായ റിസർവോയറുകളിൽ ചെളിനിക്ഷേപം വർദ്ധിക്കും. നമ്മുടെ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളുടെ ലൈഫ് സ്പാൻ ഇല്ലാതാകും. അത് നമ്മുടെ പവർ ജനറേഷനെ ബാധിക്കും. ഈ വെള്ളം അവിടെ എത്തിയില്ലെങ്കിൽ ഭക്ഷ്യസുരക്ഷാ ഭീക്ഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ഭക്ഷ്യോത്പാദനം നിലച്ചുപോകും. രൂക്ഷമായ കുടിവെള്ളക്ഷാമവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകും. ഈ നിബിഡവനങ്ങളും നദീതടങ്ങളുമാണ് കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട ശ്രോതസ്സ് എന്നുള്ളത് വികസനവാദികൾ വിസ്മരിച്ചുപോകരുത് എന്നാണ് എനിക്ക് വിനയപൂർവ്വം സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ എല്ലാപേരും സംസാരിക്കുന്നത് മാൻ അനിമൽ

.കോൺഫ്ളിക്റ്റിനെക്കുറിച്ചാണ്. പരാതിപറയുന്നത് ഇവർതന്നെയാണ്. ആന നാട്ടിലേയ്ക്കിറങ്ങുന്നു, കൃഷി നശിപ്പിക്കുന്നു, ആളുകളെ കുത്തികൊല്ലുന്നു. പുലി നാട്ടിലേയ്ക്കിറങ്ങുന്നു, കടുവ നാട്ടിലേയ്ക്ക് വരുന്നു. കാട്ടുപന്നികൾ കൂട്ടംകൂട്ടമായി വന്ന് കൃഷി സ്ഥലങ്ങൾ നശിപ്പിക്കുന്നുവെന്ന് ഇവർ പറയുന്നു. പ്രകൃതി ലോകത്തിൽ എല്ലാപേർക്കും ഒരിടം കൊടുത്തിട്ടുണ്ട്. അത് പരസ്പരം കൈയേറി നശിപ്പിക്കുമ്പോഴാണ് മൃഗങ്ങൾക്ക് വനത്തിൽ നിന്ന് നാട്ടിലേയ്ക്കിറങ്ങേണ്ടിവരുന്നത്. ആന എല്ലാം നശിപ്പിക്കുന്നു ആളുകളെ കുത്തികൊല്ലുന്നു എന്നു പറയുന്ന ആളുകൾ ഇപ്പോൾ കാട്ടിലുള്ള ആനത്താരകൾപോലും ഇല്ലാതാക്കി വൈദ്യുതപദ്ധതികൾ ഉണ്ടാക്കാൻ വേണ്ടി ശ്രമിക്കുന്നവരാണ്. ഒരു കടുവയ്ക്ക് അതിന്റെ ഹബിറ്റാറ്റിന് 20 sq.km. സ്ഥലം വേണം. ആ ഹബിറ്റാറ്റ് ഇല്ലാതായാൽ പിന്നെ അത് എങ്ങോട്ട് പോകും. ആ മൃഗങ്ങളുടെ ഹബിറ്റാറ്റ് തകർത്ത് ആനത്താരകളെ ഇല്ലാതാക്കി ജലസ്രോതസ്സുകൾ നശിപ്പിച്ച് കടന്നുകയറ്റങ്ങളും അധിനിവേശങ്ങളും നടത്തുന്നവരാണ് ഈ മാൻ–അനിമൽ കോൺഫ്ളിക്റ്റിനെക്കുറിച്ച് പറയുന്നത്. മനുഷ്യനും സർവ്വ ജീവജാലങ്ങൾക്കുമെല്ലാമുള്ള ഇടങ്ങൾ അവരവർക്കുമാത്രമായി കൊടുക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുപോലും അർഹതയുള്ള കാര്യങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന ആളുകളാണ് ഈ വിലാപം നടത്തുന്നത്. ഇവിടെ വന സംരക്ഷണത്തിനുവേണ്ടിയിട്ടുള്ള പ്രത്യേകമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ ഈ വനസമ്പത്ത് കോർ ഏരിയയിൽ എല്ലാ നിബന്ധനക

ളേയും ശക്തമായി പാലിക്കണം. ആ കോർ ഏരിയായിൽ മറ്റൊരു ആക്ടിവിറ്റിയും നടത്താതെ പൂർണ്ണമായും വനസമ്പത്തും വന്യജീവികളുടെ ഹാബിറ്റാറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ ആകണം. ഇവിടെ പ്ലാന്റേഷനുകൾ പതിച്ചുകൊടുത്ത കാര്യം പറഞ്ഞു. ചരിത്രപരമായ കാരണങ്ങളാൽ മൺട്രോ സാഹിബ് അന്ന് 258 പേർക്കാണ് സ്ഥലങ്ങൾ പതിച്ചുകൊടുത്തത്. പതിച്ചുകൊടുത്ത സ്ഥലങ്ങളിലെല്ലാം ഹൈലീ സെൻസിറ്റീവായ, പാരിസ്ഥിതികമായ ദുർബലപ്രദേശങ്ങളുണ്ട്. ആ നിബിഡവനങ്ങൾക്കു നടുവിൽ പ്ലാന്റേഷനുകൾ ഉണ്ടായി. അതെല്ലാം പാട്ടക്കരാർ തീരുന്ന മുറയ്ക്ക് നമുക്ക് തിരിച്ചെടുക്കണം. പാട്ടക്കരാർ തീരാൻ വേണ്ടി കാത്തിരിക്കണ്ട, പാട്ട നിബന്ധനകൾ ലംഘിക്കുന്ന ആളുകളുടെ പാട്ടക്കരാർ റദ്ദാക്കി ആ സ്ഥലങ്ങൾ തിരിച്ചുപിടിക്കാനുള്ള ബഹുമാന്യനായ വനം വകുപ്പുമന്ത്രിയുടെ ധീരമായ നടപടികൾക്ക് ഈ സഭ ഒന്നടങ്കം പിന്തുണ കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കാര്യം പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ അത് അടിയന്തരപ്രമേയമായി ഈ സഭയിൽ കൊണ്ടുവന്നതാണ്. ഒന്നര ലക്ഷം ഏക്കർ സ്ഥലമാണ് അധികാരത്തോടുകൂടിയും അനർഹമായും ഹാരിസൺ മലയാളം പ്ലാന്റേഷൻസ് ഇവിടെ കൈവശം വച്ചിരിക്കുന്നത്. ഞാൻ അതിന്റെ രേഖകൾ ഈ സഭയിൽ കൊണ്ടുവന്നു. കഴിഞ്ഞ ഗവൺമെന്റ് അന്നൊരു ക്യാബിനറ്റ് സബ് കമ്മിറ്റി ഉണ്ടാക്കി. പക്ഷെ നടപടികളൊന്നും സ്വീകരിച്ചില്ല. ഹാരിസൺ

മലയാളം പ്ലാന്റേഷൻ അവരുടെ കൈയിലുള്ള പാട്ടഭൂമി ഉൾപ്പെടെയുള്ള കാര്യങ്ങൾ കീഴ്പാട്ടത്തിനു കൊടുത്തും പാട്ട നിബന്ധനകൾ ലംഘിച്ചും വിൽപന നടത്തിയും സർക്കാരുഭൂമിയിൽ അവർക്ക് തോന്നുന്നതുപോലെ ചെയ്യുകയാണ്. അതിനെതിരായി നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റ് അതിനെതിരെ നടപടിയെടുക്കുമെന്ന് സഭയിൽ പ്രഖ്യാപിച്ചു. അടിയന്തരപ്രമേയത്തിന്റെ ഫലമായി ക്യാബിനറ്റ് കമ്മിറ്റി ഉണ്ടായിട്ടും ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഈ വനമേഖലയിലുള്ള സ്വകാര്യസ്ഥലങ്ങൾ കോമ്പൻസേഷൻ കൊടുത്ത് തിരിച്ചെടുക്കണം. ഡീഫോറസ്റ്റേഷന്റെ ഭാഗമായി നമുക്ക് ലഭിക്കുന്ന ക്യാമ്പ് ഫണ്ട്. ഒരു ഹ്യൂജ് എമൗണ്ട് അതിനകത്തുണ്ട്. കോമ്പൻസേഷൻ കൊടുത്ത് എടു ക്കേണ്ട സ്വകാര്യ സ്ഥലങ്ങൾപോലും തിരിച്ചെടുക്കണം. പാട്ടനിബന്ധന കൾ ലംഘിക്കുന്നവരുടെ പാട്ടക്കരാർ റദ്ദാക്കി തിരിച്ചെടുക്കുന്ന ഈ പ്ലാന്റേഷൻസ് നമുക്ക് വനഭൂമിയായി കൺവർട്ട് ചെയ്യണം. ഇനി നമുക്ക് പ്ലാന്റേഷനുകളുടെ ആവശ്യമില്ല. നിബിഡവനങ്ങൾക്കരികിലും അകത്തു മായുള്ള പ്ലാന്റേഷനുകളല്ല ഇനി ആവശ്യം. ആ പ്ലാന്റേഷനുകൾ വീണ്ടും വനഭൂമിയായി കൺവർട്ട് ചെയ്യാനുള്ള പ്രധാനപ്പെട്ട തീരുമാനം ഗവൺമെന്റ് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ വനഭൂമിയുമായി ബന്ധപ്പെട്ടുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ നഷ്ടപരി ഹാരം കൊടുത്തെടുത്ത് അതും വനഭൂമിയാക്കി മാറ്റണം. ഏറ്റവും പ്രധാ

നപ്പെട്ട ഈ വന-വന്യജീവി സംരക്ഷണത്തിനുവേണ്ടി കേരളമായിരിക്കണം നമ്മുടെ രാജ്യത്തിന്റെ മാതൃക. ഇന്ന് ലോകപൈതൃക പദവിയിലേയ്ക്ക് നമ്മൾ എത്തിയതോടുകൂടി ലോകം മുഴുവൻ നമ്മുടെ വനമേഖലയിലേയ്ക്ക് ഉറ്റുനോക്കുന്ന ഒരവസരം കൂടിയുണ്ടാകുകയാണ്. എങ്ങനെയാണ് വനസംരക്ഷണം നടത്തുന്നത്, എങ്ങനെയാണ് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നത്, എങ്ങനെയാണ് ജൈവവൈവിദ്ധ്യ കലവറകളെ സംരക്ഷിക്കുന്നത്. ആരോഗ്യ സുരക്ഷയ്ക്കും ഭക്ഷ്യ സുരക്ഷയ്ക്കും നമ്മുടെ സാമൂഹിക-സാമ്പത്തിക മാറ്റത്തിന്റേയുമെല്ലാം കേദാരമായി ഈ പശ്ചിമഘട്ട മലനിരകളേയും നമ്മുടെ അമൂല്യമായ വന്യസമ്പത്തിനേയും മാറ്റിയെടുക്കാനുള്ള ഈ തീരുമാനങ്ങൾക്കുവേണ്ടിയാണ് ഈ ഡിമാൻഡ്. വനം വകുപ്പിനും വന്യജീവി സംരക്ഷണത്തിനും വേണ്ടി ബഡ്ജറ്റിലും പ്ലാനിലും പറഞ്ഞിട്ടുള്ള തുകകൾ വർദ്ധിപ്പിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. വനം വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം നേരത്തെയുണ്ടായിരുന്നതിനെക്കാൾ കൂടുതൽ ജോലികൾ ഇന്നുണ്ട്. കൂടുതൽ ഉപകരണങ്ങൾ ആവശ്യമുണ്ട്. അവർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളുമൊരുക്കികൊടുത്തുകൊണ്ട് ഇതാണ് നമ്മുടെ സ്വത്ത്, ഇതാണ് നമ്മുടെ സമ്പത്ത്, ഇതാണ് ഇനി വരുന്ന തലമുറയ്ക്ക് കൊടുക്കാനുള്ള വലിയ സമ്മാനം എന്ന് മനസ്സിലാക്കി അതിനെ സംരക്ഷിക്കാൻ ഒരു വിട്ടുവീഴ്ചയും ചെയ്യാതെ പ്ലാനിലും ബഡ്ജറ്റിലും അതിന്റെ തുക ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ പഞ്ചായത്തുകളുടെ പദ്ധതിയുണ്ട്. പഞ്ചായത്തുകൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ഒരു സാമ്പത്തിക വർഷത്തിൽ നാല് ക്വാർട്ടറുകളാണുള്ളത്. പഞ്ചായത്തിന് എപ്പോഴാണ് പദ്ധതി പാസ്സാക്കി കൊടുക്കുന്നത്? ജനുവരി മാസത്തിൽ! ഒരു സാമ്പത്തിക വർഷത്തിലെ മൂന്ന് ക്വാർട്ടറുകളും കഴിഞ്ഞ് അവസാനത്തെ ക്വാർട്ടറാകുമ്പോഴാണ് പദ്ധതി പാസ്സായി വരുന്നത്. ആ മൂന്നു മാസക്കാലം കൊണ്ട് പഞ്ചായത്തുകൾക്ക് എന്തു വികസനപ്രവർത്തനം നടത്താൻ കഴിയും? ആ മൂന്നു മാസക്കാലം കൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല. പദ്ധതിയുടെ 80% നടത്തി; 90% നടത്തി എന്നെല്ലാവരും പറയും. അതെല്ലാം പേപ്പർ അഡ്ജസ്റ്റ്മെന്റുകൾ മാത്രമാണെന്ന് നമുക്കറിയാം പഞ്ചായത്തുകളിൽ വികസനമുണ്ടാകണമെങ്കിൽ; പഞ്ചായത്തുകളെ സഹായിക്കണമെങ്കിൽ പദ്ധതി തയ്യാറാക്കാനുള്ള കാര്യങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കണം. മിനിമം മാർച്ച് മാസത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയാൽ ഏപ്രിൽ, മേയ്, ജൂൺ കഴിഞ്ഞ്; മൺസൂൺ മാറിക്കഴിയുമ്പോഴേക്കും അത് ആരംഭിക്കാൻ കഴിയും. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഒരു ക്വാർട്ടർ മാത്രമേ എടുക്കാൻ പാടുള്ളൂ. ബാക്കി 3 ക്വാർട്ടറുകളിലും അവരുടെ പദ്ധതി നടപ്പിലാക്കാനുള്ള സാവകാശം നമ്മൾ കൊടുക്കണം എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ഖരമാലിന്യ സംസ്ക്കരണത്തെക്കുറിച്ചാണല്ലോ സംസാരിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ ചർച്ചയിൽ പോലും ഉയർന്നു നിന്ന കാര്യമെന്നു പറയുന്നത് ഖരമാ

ലിന്യ സംസ്ക്കരണമാണ്. പക്ഷേ ഞാൻ ചോദിക്കട്ടെ. ഇപ്പോഴും ക്ലാരിറ്റി അക്കാര്യത്തിലുണ്ടായിട്ടുണ്ടോ? നമ്മുടെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ഖരമാലിന്യ സംസ്ക്കരണം എങ്ങനെയാണ് നടത്തേണ്ടതെന്നോ അതിന്റെ പ്രൊസീഡ്യുവർ എന്താണെന്നോ ഏത് കമ്പനിയെയാണ് ഏൽപ്പിക്കേണ്ടതെന്നോ ഏത് പ്ലാന്റാണ് വയ്ക്കേണ്ടതെന്നോ എന്താണ് അതിന്റെ നടപടിക്രമമെന്നോ ഉള്ള യൂണിഫോമായിട്ടുള്ള ഒരു ധാരണയില്ല. എല്ലാം ഡംപിംഗ് ഗ്രൗണ്ടിൽ കൊണ്ടു പോയി നിക്ഷേപിക്കണമെന്ന ധാരണയിലാണ് ഇപ്പോഴും നമ്മൾ നിൽക്കുന്നത്. മാലിന്യങ്ങളുടെ ഉറവിടത്തിൽ തന്നെ കുറേ സംസ്ക്കരിക്കാനുള്ള സംവിധാനം വേണം. അത് ഡംപിംഗ് ഗ്രൗണ്ടിലെത്തുന്നതിന് മുമ്പ് ബാക്കിയുള്ള വേസ്റ്റുകൾ ഇടയ്ക്കെവിടെയെങ്കിലുമുള്ള കുറച്ച് പ്രദേശങ്ങളിൽ സംസ്ക്കരിക്കാനുള്ള മിഡിൽ ലെവൽ സംവിധാനം വേണം. ഒരു കാര്യം നമ്മൾ തീരുമാനിക്കണം. അവസാന പോയിന്റിൽ മാലിന്യം എത്തുമ്പോഴേക്കും ഏറ്റവും കുറച്ച് മാലിന്യം മാത്രമേ എത്തുകയുള്ളൂ എന്ന് ഉറപ്പുവരുത്തിക്കൊണ്ട് പരമാവധി മാലിന്യം മിഡിൽ ലെവലിൽ സംസ്ക്കരിക്കാനുള്ള സംവിധാനം വേണം. അതിന്റെ ട്രാൻസ്പോർട്ടേഷനുമായി ബന്ധപ്പെട്ട ആധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം. ഉള്ള വേസ്റ്റുകൾ ഡിസ്പോസ് ചെയ്യുന്നതിന് വേണ്ടിയുള്ള ധാരാളം ഏജൻസികൾ വരുന്നുണ്ട്. ധാരാളം പേർ കബളിപ്പിക്കപ്പെടുന്നുമുണ്ട്. ഗവൺമെന്റ് തന്നെ കൃത്യമായ ഗൈഡ് ലൈൻ കൊടുക്കുകയും ജനങ്ങളുടെ ഇടയിൽ

അഗ്രസീവായ ക്യാമ്പയിൻ നടത്തുകയും ചെയ്തു. വേസ്റ്റ് കൊണ്ടു പോയി വഴിയിൽ ഇടുന്നത് അപമാനകരമാണ്; ലോകം മുഴുവൻ നിന്നെ പരിഹസിക്കും എന്നുള്ള ധാരണ എല്ലാവരുടേയും മനസ്സിലുണ്ടാക്കുന്ന ക്യാമ്പയിൻ ഗവൺമെന്റിന്റെ നേതൃത്വത്തിൽ എല്ലാവിധ സംവിധാനങ്ങളേയും ചേർത്തിണക്കിക്കൊണ്ട് നടത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പറയുന്നുണ്ട്. സംസ്ഥാനത്ത് ഇതുവരെ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളിൽ എത്ര ശതമാനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്? ഓഡിറ്റ് എടുത്ത് നോക്കണം. ബയോഗ്യാസ് പ്ലാന്റുകൾ എന്ന് പറയുന്നത് മനുഷ്യശരീരം പോലെയാണ്. വളരെ സെൻസിറ്റീവാണ്. ഒരു നാരങ്ങാ കഷണം അതിനകത്തു പോയാൽ അത് നിലച്ചു പോകും. അപ്പോൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കലല്ല. അത് സ്ഥാപിച്ചു കഴിഞ്ഞാൽ എങ്ങനെയാണ് അതിനകത്ത് സംസ്ക്കരണം നടത്തുന്നത്; എങ്ങനെയാണ് അതിനകത്ത് വേസ്റ്റ് ഡംപ് ചെയ്യുന്നത് എന്നതിനെക്കുറിച്ചുള്ള വിശദമായ പഠനവും ജനങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടിയുള്ള നടപടികളും സ്വീകരിക്കണം. അത് കൃത്യമായി കൊണ്ടുപോകണം. ഇതുവരെ സ്വീവേജ് ട്രീറ്റ്മെന്റിനെക്കുറിച്ചോ സെപ്റ്റേജ് ട്രീറ്റ്മെന്റിനെക്കുറിച്ചോ ആലോചിച്ചിട്ടുപോലുമില്ല. ഇപ്പോഴും ഖരമാലിന്യ സംസ്ക്കരണത്തിൽ നിൽക്കുകയാണ്. ലോകത്തിലെ പ്രധാന നഗരങ്ങളിലും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലുമെല്ലാം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും ലൈനുകളും സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള

സംവിധാനങ്ങളും വന്നിട്ടുണ്ട്. നല്ല പുഴകൾ ഉള്ളതുകൊണ്ട് നമ്മളെല്ലാം ട്രീറ്റ്മെന്റ് നടത്തുന്നത് ആ പുഴയിലേയ്ക്കാണ്. അതുകൊണ്ട് സ്വീവേജ് ട്രീറ്റ്മെന്റിനും സെപ്റ്റേജ് ട്രീറ്റ്മെന്റിനും വേണ്ടിയുള്ള പ്രത്യേകമായ സംവിധാനങ്ങൾ വേണം. ബോധവത്ക്കരണം നടത്തുക മാത്രമല്ല, കാര്യ ങ്ങൾ യാഥാർത്ഥ്യത്തിലേയ്ക്കും അത് നടപ്പിലാക്കുന്ന തരത്തിലേയ്ക്കും കൊണ്ടുപോകാൻ നമുക്ക് കഴിയണം. ഡോ. എം. കെ. മുനീറിനെ ഒരു കാര്യത്തിന് പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സാമൂഹ്യക്ഷേമം എന്നൊരു വകുപ്പ് ഇവിടെയുണ്ട്. ആർദ്രമായ ഒരു മനസ്സോടു കൂടി നിരാ ശരും നിരാലംബരുമായ ആളുകളെക്കുറിച്ച് ചിന്തിക്കാനും അവർക്കു വേണ്ടി കാര്യങ്ങൾ ചെയ്യാനും വളരെ ചിട്ടയായി, ഭംഗിയായി കേരളത്തിന് മുഴുവൻ മാതൃകയായി നമുക്കെല്ലാവരുടേയും മുന്നിൽ പറയാൻ കഴി യുന്ന തരത്തിൽ കഴിവുള്ള ഒരു മന്ത്രിയാണ് ഡോ. എം. കെ. മുനീർ എന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. അതിനു കോർപ്പസ് രൂപീകരി ക്കണമെങ്കിൽ അതിനെക്കുറിച്ചുള്ള ഗൗരവതരമായ ആലോചനകൾ വേണം. കോക്ലിയർ ഇംപ്ലാന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ, Disabled ആയ ആളുകളെ സഹായിക്കുന്നതിനും ഓൾഡ് ഏജിനെ സഹായി ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ചുമുള്ള വ്യക്തമായ പദ്ധതി വേണം. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലെ ഇത്തരം കാര്യങ്ങളിൽ പ്രത്യേ കമായി ശ്രദ്ധിക്കുന്ന ഒരു മുഖ്യമന്ത്രി കേരളത്തിലുള്ള സാഹചര്യത്തിൽ തീർച്ചയായും ഇക്കാര്യത്തിൽ കേരളത്തിനൊരു മാതൃക കാട്ടിക്കൊടു

ക്കാൻ കഴിയുമെന്ന് തന്നെയാണ് എന്റെ പ്രതീക്ഷ. അങ്ങനെ സാമൂഹ്യ ക്ഷേമ രംഗത്തുകൂടി അതുപോലെ തന്നെ വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ കഴിയും. ഇത്തരം പോസിറ്റീവായ കാര്യങ്ങൾ ചെയ്യുന്ന ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥന എന്ന നിലയിൽ ഞാൻ ഇതിനെ വളരെ സന്തോഷത്തോടു കൂടി 100 ശതമാനവും പിന്താങ്ങുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. 1800–ൽ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 70 ശതമാനവും വനമായിരുന്നു. നൂറുവർഷം കഴിഞ്ഞ് 1900–ൽ അത് 45 ശതമാനമായി. വീണ്ടും നൂറുവർഷം കഴിഞ്ഞപ്പോൾ അത് ഭൂവിസ്തൃതിയുടെ 25 ശതമാനം മാത്രമായി കുറഞ്ഞു. ഇപ്പോൾ നമ്മുടെ നാട്ടിലുള്ള നിബിഡ വനം (മൂന്ന് തരത്തിലുള്ള മരങ്ങൾ– വലിയമരം, ഇടമരം, ചെറിയമരം– അങ്ങനെയുള്ള വനത്തെയാണ് നിബിഡ വനം എന്നു പറയുന്നത്) കേവലം 8% മാത്രമാണെന്നാണ് മനസ്സിലാക്കുന്നത്. ഇങ്ങനെ ഇടതൂർന്നു നിൽക്കുന്ന നിബിഡ വനങ്ങളിൽ നൂറു വർഷം മുമ്പ് പതിച്ചിരുന്ന സൂര്യരശ്മികൾ– Intensity of Solar Radiation എന്നു പറയും– ഇപ്പോൾ നമ്മുടെ വനങ്ങളിൽ പതിക്കുന്ന സൂര്യരശ്മികളുടെ ഇന്റൻസിറ്റി പരിശോധിച്ചു നോക്കിക്കഴിഞ്ഞാൽ നൂറു വർഷം മുമ്പ് വനത്തിൽ വന്നിരുന്ന സൂര്യരശ്മികളുടെ ഇന്റൻസിറ്റിയുടെ ഇരട്ടിയാണ് എന്ന് അടുത്തകാലത്തെ ഒരു പഠനം സൂചിപ്പിക്കുന്നു. അത് നിബിഡ വനത്തിലെ തകർച്ചകൊണ്ടുണ്ടാകുന്നതാണ്. ഇത്തരം വനാന്തരങ്ങളിലെ മണ്ണിന്റെ ശീതോഷ്ണ അവസ്ഥയ്ക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങൾ സംഭവിക്കുന്നതിലൂടെ അത്തരം മണ്ണിലുള്ള ആവാസ വ്യവസ്ഥകളുടെ സന്തുലനം പാടേ തെറ്റിതുടങ്ങിയിരിക്കുന്നു എന്ന് പല പഠനങ്ങളും വ്യക്തമാക്കുകയാണ്. ഇത് വളരെ ഗുരുതരമായ

അവസ്ഥയാണ്. വനത്തിലെ മണ്ണിന്റെ porosityയും വാട്ടർ ഹോൾഡിംഗ് കപ്പാസിറ്റിയും വളരെ ഗുരുതരമായി കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. തടയണകളടക്കം നിരവധി പ്രവർത്തനങ്ങൾക്ക് അങ്ങ് നേതൃത്വം നൽകുന്നു എന്ന് തിരിച്ചറിയുന്നതിൽ സന്തോഷമുണ്ട്. തീരദേശത്തിന്റെയും സമതലപ്രദേശത്തിന്റെയും ജീവൽ സ്രോതസ്സാണ് നിബിഡ വനം. അതുകൊണ്ട് സമതല തീരദേശ വികസനത്തേക്കാൾ ശ്രദ്ധ ചെലുത്തേണ്ടത് വന വികസനത്തിനാണ്. എന്താണ് വനവികസനം? വനത്തിന്റെ നൈസർഗ്ഗിക സ്വഭാവത്തിന്റെ തിരിച്ചുപിടിക്കലിനെയാണ് വനത്തിന്റെ വികസനം എന്നു പറയുന്നത്. ലോകത്തിലെ ഏറ്റവും വലിയ ജൈവവൈവിധ്യകേന്ദ്രങ്ങളിലൊന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ച നമ്മുടെ പശ്ചിമഘട്ടമാണ്. യുനെസ്കോ വരെ അത് അംഗീകരിച്ചിട്ടുണ്ട്. അതീവ സാന്ദ്രമായ ജൈവവൈവിധ്യമേഖലകളെ Vavilov Center എന്നാണ് പറയുന്നത്. ലോകത്ത് 27 Vavilov Centers ഉണ്ട്. ആ Vavilov Centers കളിൽ ഒന്ന് കേരളത്തിലെ പശ്ചിമഘട്ടത്തിലാണ്. അതാണ് സൈലന്റ് വാലി. സൈലന്റ് വാലി സംരക്ഷിക്കണമെന്ന് ആദ്യമായി പറഞ്ഞത് ശാസ്ത്ര സാഹിത്യ പരിഷത്താണ്. ഡോ.അമർത്യാസെന്നിന്റെ 'വികസനം തന്നെ സ്വാതന്ത്ര്യം' എന്ന പുസ്തകമുണ്ട്. ഈ പുസ്തകം ഒന്ന് വായിക്കണം എന്നൊരു അഭ്യർത്ഥനയുണ്ട്. ശ്രീ. വി. ഡി. സതീശൻ വികസനവാദി എന്നു പറയുന്നത് ആരെ ഉദ്ദേശിച്ചാണെന്ന് എനിക്ക് മനസ്സിലായില്ല. വികസനവാദി ആരുണ്ടോ അവർ ഡോ.

അമർത്യാസെന്നിന്റെ 'വികസനം തന്നെ സ്വാതന്ത്ര്യം' എന്ന പുസ്തകം ഒരു തവണയെങ്കിലും വായിക്കണം. ശ്രീ. എം എ. വാഹിദ് ശാസ്ത്രസാഹിത്യ പരിഷത്തിനെ കുറ്റം പറഞ്ഞു. അദ്ദേഹം ഈ പുസ്തകമൊന്ന് വായിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. എന്നിട്ട് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നിഗമനങ്ങളെയൊന്ന് പരിശോധിച്ചുനോക്കുക. അത് എന്താണെന്ന് മനസ്സിലാകാൻ ചുരുങ്ങിയത് 25 കൊല്ലമെങ്കിലും കഴിയുമെന്ന് നമ്മൾ മനസിലാക്കണം. സൈലന്റ് വാലി സംരക്ഷിക്കണമെന്ന് ആദ്യം പറഞ്ഞത് ശാസ്ത്രസാഹിത്യ പരിഷത്താണ്. അന്ന് പരിഷത്തിനെ കളിയാക്കിയവർ സൈലന്റ് വാലിയെ സംരക്ഷിച്ചത് ഞങ്ങളാണെന്ന് ഇവിടെനിന്ന് ഉറക്കെ പറയുന്നു. അത്തരത്തിൽ ഭൂമിയിലുള്ള മുഴുവൻ ജീവജാലങ്ങൾക്കും പ്രകൃതി നിയമം അനുസരിച്ചുള്ള സ്വാതന്ത്ര്യമുള്ളതിനെയാണ് അമർത്യാസെൻ വികസനമെന്ന് പറയുന്നത്. വർത്തമാനകാല മൂലധന താൽപ്പര്യങ്ങൾ നശിപ്പിക്കുന്നത് ഈ സ്വാതന്ത്ര്യത്തെയും ആവാസ വ്യവസ്ഥകളെയുമാണ്. അതുകൊണ്ട് വികസനത്തെതന്നെ പുനർനിർവ്വചിക്കണമെന്ന് തോന്നുകയാണ് ഇന്നത്തെയൊരു സാഹചര്യത്തിൽ. എന്റെ അഭിപ്രായത്തിൽ വികസനമെന്നത് ആവാസ വ്യവസ്ഥകളുടെ പുന:സൃഷ്ടിയാണ്. ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയോടാണ് ഞാൻ ഇക്കാര്യം പറയുന്നത്. ചീറിപ്പായുന്ന വണ്ടികളും കോറിഡോറുകളും സുഖസൗകര്യങ്ങളുള്ള റിസോർട്ടുകളും അസ്ഥാനത്തുള്ള കരിങ്കൽ കോൺക്രീറ്റ് നിർമ്മാണങ്ങളും ആവാസ വ്യവ

സ്ഥകളെ തകർക്കുകയാണ് ചെയ്യുന്നത്. മിഥുനമാസമാണ്, ഞാറ്റുവേലകൾ പൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്, മഴയില്ല, കാലാവസ്ഥാമാറ്റം ഭക്ഷ്യസുരക്ഷയെ അപകടത്തിലാക്കും. വികസനമെന്നത് ആവാസ വ്യവസ്ഥകളുടെ പുന:സൃഷ്ടിയാണെന്ന നിർവ്വചനം അന്വർത്ഥമാക്കേണ്ടത് ആദ്യമായി വനത്തിലാണ്. സ്വാഭാവിക വനത്തിന്റെ പുന:സൃഷ്ടിയ്ക്കായി ശ്രമിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണമെന്നൊരു അഭ്യർത്ഥനയുണ്ട്. വനത്തിലെ ജൈവ വൈവിധ്യത്തിന്റെ അവസാനത്തെ കണ്ണിയാണ് അവിടത്തെ മനുഷ്യൻ, അതായത്, ആദിവാസികൾ. പലപ്പോഴും മനുഷ്യരെ മാറ്റിനിർത്തിയിട്ടാണ് ജൈവവൈവിദ്ധ്യം കാണാറുള്ളത്. അവരുടെ ആവാസ വ്യവസ്ഥകളും നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ ആവാസ വ്യവസ്ഥകളിൽ സ്വകാര്യ മൂലധനവും ആർത്തിയും കടന്നുകയറി റബ്ബർ തോട്ടങ്ങളും കഞ്ചാവ് തോട്ടങ്ങളുമുണ്ടാക്കി, ലാഭമുണ്ടാക്കി ഈ ആവാസ വ്യവസ്ഥകളെ തകർക്കുകയാണ്. ഈ വിഷയത്തിൽ സർക്കാർ ശ്രദ്ധിക്കുന്നില്ലായെന്ന് കഴിഞ്ഞ ദിവസം കോടതി വിമർശിച്ചത് ഈ പശ്ചാത്തലത്തിലാണ്. വളരെ ഗൗരവമുള്ളതാണ് ഈ വിമർശനം. അതുകൊണ്ടാണ് ആദിവാസി സമരങ്ങൾ ശക്തമാകുന്നത്. ഈ വിഷയത്തെ സമഗ്രമായി കണ്ടുകൊണ്ട് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോയത് ചരിത്രം മാത്രമാണ്. ഈ ദിശയിൽ വനത്തിലുള്ള മനുഷ്യനെന്ന സ്പീഷ്യസ് അടക്കം വന്യജീവികളുടെ ആവാസ വ്യവസ്ഥകളെ പുന:സൃഷ്ടിക്കാനുള്ള, സ്വകാര്യ കയ്യേറ്റ

ങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു സമഗ്ര സമീപനവും ദീർഘവീക്ഷണവുമുള്ള മാസ്റ്റർ പ്ലാൻ ഈ സർക്കാരിനോ വനം വകുപ്പിനോയില്ലായെന്ന വിമർശനം ഞാൻ ഉയർത്തുകയാണ്. അതല്ല അത്തരത്തിലുള്ള പ്ലാൻ ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അത് വ്യക്തമാക്കണം ഇല്ലെങ്കിൽ അത്തരത്തിലുള്ള പ്ലാൻ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കണം. ഇതാണ് വനം വകുപ്പിനെക്കുറിച്ച് ചുരുക്കി പറയാനുള്ളത്. ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, ഗ്രാമവികസനവും ഇതേ അർത്ഥത്തിലാണ് കാണേണ്ടത്. അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം ഇതുതന്നെയാണ്. പക്ഷേ അങ്ങ് ഇപ്പോൾ ഏർപ്പെടുത്തിയ ചില പരിഷ്ക്കാരങ്ങൾ ഈ വിശാല വികസന സങ്കൽപ്പത്തിന് വിരുദ്ധമാണെന്ന വിമർശനം ഞാൻ ഉന്നയിക്കുകയാണ്. അങ്ങ് ഏർപ്പെടുത്തിയ ചില പരിഷ്ക്കാരങ്ങൾ ജനകീയത വർദ്ധിപ്പിക്കുന്നതിന് പകരം ബ്യൂറോക്രസിയിലേയ്ക്ക് തിരിച്ചുകൊണ്ടുപോകുന്നതുപോലെ ടി.എ.ജി. വേണ്ടായെന്ന് വയ്ക്കുന്നു. ടി.എ.ജി-ക്ക് ചില കുറവുകളുണ്ടെന്നത് അംഗീകരിക്കുന്നു. അത് പരിഹരിക്കുകയാണ് വേണ്ടത്, നശിപ്പിക്കുകയല്ല. നിരവധി കൂടിയാലോചനകളുടെ ഭാഗമായിട്ടാണ് മേഖലകളുടെ മുൻഗണന നിശ്ചയിച്ചിട്ടുള്ളത്. ആ മേഖലകളുടെ മുൻഗണന മാറ്റി നിർമ്മാണത്തിന് മുൻതൂക്കമുള്ള പശ്ചാത്തല മേഖലയ്ക്ക് പ്രഥമ പരിഗണന നൽകുന്നു. മേഖലാ പരിഗണന മാറ്റിയത് എന്ത് ശാസ്ത്രീയ അടിസ്ഥാനത്തിലാണെന്ന് ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

വ്യക്തമാക്കണം. കാർഷിക മേഖലയ്ക്ക് ഉണ്ടായിരുന്ന ഉന്നതമായ പരിഗണന മാറ്റിയെടുത്ത് അപ്രധാനമായ അജണ്ടയാക്കി മാറ്റിക്കഴിഞ്ഞിരിക്കുകയാണ്. സംശയമില്ലാതെ ഞാൻ പറയുകയാണ്, ഈ വർഷം അവസാനം 2013 മാർച്ച് വർഷാന്ത്യ കണക്കുകളെടുക്കുമ്പോൾ, കേരളത്തിലെ പഞ്ചായത്തുകളിൽ കാർഷിക മേഖലയിൽ ചെലവിട്ട വിഹിതത്തിന്റെ മൊത്തം കണക്കെടുക്കുമ്പോൾ കഴിഞ്ഞ വർഷം കേരളത്തിലെ പഞ്ചായത്തുകളിലൂടെ കാർഷിക മേഖലയിൽ ചെലവുചെയ്ത തുകയുടെ പകുതി പോലും വരില്ലായെന്ന കാര്യം ഉറപ്പാണ്. കാർഷിക മേഖല അങ്ങോട്ടാണ് പോകാൻ പോകുന്നത്. അഞ്ച് വർഷത്തെ പദ്ധതി രൂപീകരിക്കുന്നു. ഓരോ മേഖലകളുടെയും മുൻഗണന മാറ്റുന്നതിൽ അങ്ങയുടെ അഭിപ്രായമെന്താണെന്ന് അറിയേണ്ടതുണ്ട്. അഞ്ച് വർഷത്തെ പദ്ധതി രൂപീകരിക്കാനുള്ള നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. പതിനഞ്ച് ദിവസം കൊണ്ട് അഞ്ച് വർഷത്തെ പ്ലാൻ ഉണ്ടാക്കുകയെന്നത് അസാദ്ധ്യമാണോ? പരിപാടികളുടെ കൂമ്പാരമല്ല പ്ലാൻ. അങ്ങ് ഇപ്പോൾ പഞ്ചായത്തുകളിൽ രൂപീകരിച്ചുകൊണ്ടിരിക്കുന്ന പദ്ധതി പരിശോധിച്ചുനോക്കുമ്പോൾ റോഡുകൾക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള പരിപാടികളുടെ കൂമ്പാരം കാണാം. ഞാൻ ആവർത്തിച്ച് വേദനയോടെ പറയുന്നു. അങ്ങെങ്കിലും മനസിലാക്കണം ഇതു പ്ലാനല്ല, പരിപാടികളുടെ കൂമ്പാരമാണ്. പഞ്ചായത്ത് പ്രസിഡന്റുമാരുടെ അഭിപ്രായങ്ങളനുസരിച്ചാണ് മാറ്റങ്ങൾ വരുത്തിയതെന്ന് അങ്ങ് പറഞ്ഞു. അത്തരം അഭിപ്രായങ്ങൾ തീർച്ച

യായും പരിഗണിക്കണം, സംശയമില്ല. കാരണം ജനകീയ പ്രസ്ഥാനമാണ്. പക്ഷേ അവയെല്ലാം പ്രായോഗികമായ നിർദ്ദേശങ്ങളാണ്. ആസൂത്രണം ഒരു കലയും ശാസ്ത്രവുമാണ്. അതുകൊണ്ടുതന്നെ അവരുടെ പ്രായോഗിക നിർദ്ദേശങ്ങളെ അധികാരവികേന്ദ്രീകരണത്തിന്റെ ദാർശനിക പശ്ചാത്തലത്തിൽ പരിശോധിച്ചു മാത്രമേ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കാവൂ. ഡോ. ടി.എം. തോമസ് ഐസക്കിന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ ഒരു മറുപടി പറയുന്നത് കേട്ടു. "ഞങ്ങൾക്ക് സിദ്ധാന്തമല്ല വേണ്ടത്, റിസൽട്ടാണ് എന്ന്." ശരിയാണ്, പണം ചെലവഴിച്ചുവെന്ന റിസൽട്ട് കിട്ടിയേയ്ക്കാം. പക്ഷേ സൈദ്ധാന്തികവും ചരിത്രപരവുമായ ഒരു റിസൽട്ട്, ആവാസ വ്യവസ്ഥയുടെ പുന:സൃഷ്ടിയാണ് എന്നതുപോലെയുള്ള റിസൽട്ട് കിട്ടിയെന്ന് പറയുവാൻ അങ്ങേയ്ക്ക് ഒരിക്കലും കഴിയുകയില്ല. അടിസ്ഥാന വിവരശേഖരണം നടത്തിയും അഞ്ച് വർഷത്തിനപ്പുറത്തെ ജീവിതപ്രശ്നങ്ങൾ ദീർഘവീക്ഷണത്തോടെ പഠിച്ചും വിഭവ സ്രോതസ്സുകളെക്കുറിച്ച് മനസ്സിലാക്കിയും സാങ്കേതികമായി തയ്യാറാക്കേണ്ട ഒന്നാണ് മാസ്റ്റർ പ്ലാൻ അല്ലെങ്കിൽ ചുരുങ്ങിയത് പ്ലാനെങ്കിലും. ഈ ദിശയിലല്ല പരിഷ്ക്കാരങ്ങൾ പോകുന്നതെന്ന വിമർശനവും ഞാൻ ഉന്നയിക്കുകയാണ്. അങ്ങയുടെ മറുപടി ഞാൻ പ്രതീക്ഷിക്കുകയാണ്. ടി.എ.ജി പോലുമില്ലാത്ത സാഹചര്യത്തിൽ വാർഡ് തിരിച്ച് പണം വീതംവയ്ക്കാനുള്ള സാന്ദ്രത വർദ്ധിച്ചുവരുന്നത് വളരെ ലളിതമായ പരിശോധനയിൽ അങ്ങേയ്ക്ക് കാണാൻ സാധിക്കും. അധികാര വികേ

ന്ദ്രീകരണത്തെ തകർക്കുന്ന സമീപനങ്ങളാണ് ഇതെല്ലാം. ഇത് തടയുവാൻ ദീർഘവീക്ഷണമുള്ളതും ഏറെ പഠിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു മാസ്റ്റർ പ്ലാനിന് മാത്രമേ കഴിയൂ. പതിനഞ്ച് വർഷത്തിനുശേഷം അധികാര വികേന്ദ്രീകരണം എങ്ങനെ മുന്നോട്ട് പോകണമെന്നതിന് ഒന്ന് രണ്ട് നിർദ്ദേശങ്ങൾ ഞാൻ വയ്ക്കുകയാണ്. ചരിത്രപരമായ അനുഭവങ്ങളും ദാർശനികമായ പശ്ചാത്തലങ്ങളും ചേർത്താണ് ഈ നിർദ്ദേശം ഞാൻ മുന്നോട്ട്വയ്ക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി എന്റെ മണ്ഡലത്തിൽ നടപ്പിലാക്കി കുറച്ചൊക്കെ വിജയിക്കാൻ കഴിഞ്ഞ ഒന്നാണ് സുസ്ഥിര കൊടകര വികസന പദ്ധതി. ഭാഗ്യവശാൽ 'കില' ഈ ആശയം ഏറ്റെടുത്ത് മണ്ഡല വികസനമെന്ന രീതിയിൽ നടപ്പിലാക്കുവാൻ പരിശീലനം നൽകിവരുകയാണ്. ശ്രീ. വി.റ്റി. ബൽറാമിന്റെയും ശ്രീ. കെ. രാധാകൃഷ്ണന്റെയും ശ്രീ.ജെയിംസ് മാത്യൂവിന്റെയും ശ്രീ. റ്റി.എൻ. പ്രതാപന്റെയും മണ്ഡലങ്ങളെ 'കില' തെരെഞ്ഞടെത്തു കഴിഞ്ഞിട്ടുണ്ട്. അധികാരവികേന്ദ്രീകരണമെന്ന സൈദ്ധാന്തികമായ വശം വളരെ ചുരുക്കി മാത്രമേ ഞാൻ പറയുന്നുള്ളൂ. അധികാര വികേന്ദ്രീകരണമെന്നാൽ നിലവിലുള്ള ഭരണകൂടത്തിന്റെ ജനാധിപത്യവത്ക്കരണമാണ്. അത്തരത്തിലുള്ള നിലവിലുള്ള പ്രാതിനിധ്യ സ്വഭാവമുള്ള രണ്ട് ഭരണകൂടങ്ങളെക്കാൾ ജനാധിപത്യസ്വഭാവമുള്ള ഭരണകൂടം മൂന്നാം തട്ടിൽ സൃഷ്ടിക്കുകയെന്നുള്ളതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ദർശനം. ഈ പ്രക്രിയ കുറേയൊക്കെ മൂർത്തമായി നടന്നത് കേരളത്തിൽ മാത്രമാണ്. അതിനു

കാരണം ജനകീയാസൂത്രണമാണ്. ആർക്കും നിഷേധിക്കാൻ പറ്റാത്ത സത്യമാണ്. കേരളത്തിന്റെ അധികാരവികേന്ദ്രീകരണത്തിൽ ജനകീയാസൂത്രണ പ്രക്രിയയിൽ നാല് സുപ്രധാനമായ ഘടകങ്ങളുണ്ട്. ആ നാല് ഘടകങ്ങളും സമഗ്രമായി സമന്വയിക്കപ്പെട്ടപ്പോഴാണ് കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെന്ന ജനാധിപത്യവത്ക്കരണ ഭരണകൂടങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്ന അനുഭവം നമ്മളെ പഠിപ്പിക്കുകയാണ്. എന്തൊക്കെയാണ് നാല് ഘടകങ്ങൾ? അതിലൊന്ന് പൊളിറ്റിക്കൽ ഡീസെൻട്രലൈസേഷനാണ്, അധികാര വികേന്ദ്രീകരണം. അധികാര വികേന്ദ്രീകരണം കൊണ്ടുമാത്രം പഞ്ചായത്ത് ഭണകൂടമാകില്ല. ജനാധിപത്യ പ്രക്രിയ കൂടുതൽ വികസിച്ച് ജനാധിപത്യ ഭരണകൂടമാകണമെങ്കിൽ ജനങ്ങൾ അതിന്റെ നയരൂപീകരണത്തിനും നിർവ്വഹണത്തിനും പങ്കാളികളാകണം. രണ്ടാമത്തെ ഘടകം ആസൂത്രണവികേന്ദ്രീകരണം, ഡീസെൻട്രലൈസേഷൻ ഓഫ് പ്ലാനിംഗ്. അത് ലോകത്തെങ്ങും നടന്നിട്ടില്ല. മൂന്നാമത്തേത്, ആസൂത്രണത്തിന് അധികാരം കൊടുത്താലും ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിലുള്ള ഭരണകൂടം തങ്ങൾക്ക് അടുത്ത് കിട്ടില്ല. അതാണ് മൂന്നാമത്തെ ഘടകം. അതാണ് ധനവികേന്ദ്രീകരണം, ഫിനാൻഷ്യൽ ഡീസെൻട്രലൈസേഷൻ. വളരെ സുപ്രധാനമായ ഈ മൂന്ന് ഘടകങ്ങളും പരസ്പരപൂരകമായും സമ്പുഷ്ടമായും പ്രവർത്തിക്കുന്ന നാലാമത്തെ ഘടകമാണ് ഭരണപരമായ വികേന്ദ്രീകരണം. കേരളത്തിൽ അധികാരവികേന്ദ്രീകരണത്തെ ഈ തലത്തിൽ എത്തിച്ചത് ഈ നാല് ഘടകങ്ങളാണെന്ന് തിരിച്ചറിയു

മ്പോഴാണ് അധികാരവികേന്ദ്രീകരണത്തിന്റെ വികാസമെന്ന് പറയുന്നത്. ഈ നാല് ഘടകങ്ങളെ കൂടുതൽ കൂടുതൽ അർത്ഥവത്താക്കുകയെന്ന താണ് അധികാരവികേന്ദ്രീകരണത്തിന്റെ മുന്നോട്ട് പോകേണ്ട ദിശ. ആ ദിശയിലല്ല ഇപ്പോൾ പോകുന്നത്. ധനവികേന്ദ്രീകരണം കൂടുതൽ കൂടു തൽ ശക്തമാക്കണം. സംസ്ഥാന ബഡ്ജറ്റിന്റെ തുക അൻപത് ശതമാനമെ ങ്കിലും താഴെത്തട്ടിലേയ്ക്ക് നൽകണം. ഭരണപരമായ വികേന്ദ്രീകരണം പൂർത്തി യാക്കണം. പഞ്ചായത്തിന് എഞ്ചിനീയറിംഗ് വിംഗ് അടക്കമുള്ള എല്ലാ മേഖലയിലും പൂർണ്ണ വികസിത വിഭാഗങ്ങളുണ്ടാകണം. കാരണം അതൊരു സമ്പൂർണ്ണ ഭരണകൂടമാണ്. ഇതുകൂടാതെ രണ്ട് ഘടകങ്ങൾ കൂടി കൂട്ടിച്ചേരണം. ഞാൻ എന്റെ മണ്ഡലത്തിൽ പരീക്ഷിച്ച രണ്ട് ഘടക ങ്ങളിലൊന്ന്, ഏറ്റവും പ്രധാനപ്പെട്ടത് വിഭവങ്ങളുടെ ഉദ്ഗ്രഥനമാണ്. രണ്ടാമത്തേത് വിവിധ വകുപ്പുകളുടെ ഉദ്ഗ്രഥനമാണ്. നിങ്ങൾ എല്ലാ മണ്ഡലത്തിലും പരിശോധിക്കുക, ഒരു മണ്ഡലത്തിൽ ഏകദേശം 35 കോടി രൂപ വിവിധ സ്രോതസ്സുകളിലായി വികസനത്തിനുവേണ്ടി വരുന്നു ണ്ട്. പക്ഷേ ഒരു പഞ്ചായത്തിന് ഒരു കോടി രൂപയുടെ പദ്ധതിയേ ഉണ്ടാ ക്കാൻ കഴിയുകയുള്ളു. ബ്ലോക്ക് പഞ്ചായത്തിന് ഒന്നേകാൽ കോടി രൂപ യുടെ പദ്ധതിയുണ്ടാക്കാനേ കഴിയൂ. പക്ഷേ ഒരു മണ്ഡലത്തിൽ മൊത്തം വികസനത്തിനുവരുന്നത് 35 കോടി രൂപയാണ്. എം.എൽ.എ. ഫണ്ട്, എം. പി. ഫണ്ട്, കേന്ദ്ര-സംസ്ഥാന ആവിഷ്കൃത ഫണ്ട്, ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് ഫണ്ട്, ഇങ്ങനെ നിരവധി ഫണ്ടുകൾ ഒരു ബ്ലോക്കിലേയ്ക്ക്

വരുന്നു. പക്ഷേ ഇപ്പോൾ ഒരു മണ്ഡലത്തിൽ മൂന്ന് നാല് ബ്ലോക്കുകളാണ്. ഒരു മണ്ഡലത്തിൽ ഒരു ബ്ലോക്ക്, ഒരു ബ്ലോക്കിൽ എട്ട് പഞ്ചായത്തുകൾ എന്ന രീതിയിൽ ഇതിനെയൊന്ന് റീ-ഓറിയന്റ് ചെയ്താൽ ഈ 35 കോടി രൂപയും ഒരുപോലെ പഞ്ചായത്തിന്റെ വികസന പദ്ധതിയിലേയ്ക്ക് സമന്വയിപ്പിക്കാൻ കഴിയും എന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. എന്റെ ഭാഗ്യത്തിന് കഴിഞ്ഞ തവണ കൊടകര നിയോജകമണ്ഡലത്തിൽ മണ്ഡലവും ബ്ലോക്കും ഒന്നായിരുന്നു. പക്ഷേ പുതുക്കാട് നിയോജകമണ്ഡലമായപ്പോൾ മൂന്നു ബ്ലോക്കുകളാണെന്ന അവസ്ഥയിപ്പോൾ ഉണ്ടായിരിക്കുകയാണ്. ഇപ്പോഴുള്ള തനത് ഫണ്ടുകൾ എല്ലാം വിവിധ വഴികളിലൂടെ പോവുകയാണ്. എം.എൽ.എ. എം.എൽ.എ.യുടെ വഴിക്ക്, ബ്ലോക്ക് ബ്ലോക്കിന്റെ വഴിക്ക്, ജില്ലാ പഞ്ചായത്ത് ജില്ലാ പഞ്ചായത്തിന്റെ വഴിക്ക് അങ്ങനെ എല്ലാം ഓരോ വഴിക്ക് പോകുമ്പോൾ ഈ പണമെല്ലാം ഒരേ ദിശയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അവയെല്ലാം ഗ്രാമ പഞ്ചായത്തിന്റെ മാസ്റ്റർ പ്ലാനിലേയ്ക്ക് സമന്വയിപ്പിക്കാവുന്ന പരിഷ്ക്കാരങ്ങളാണ് ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടത്തിൽ നടക്കേണ്ടത് എന്നതാണ് ഞാൻ ആശയമായി വയ്ക്കുന്നത്. ഞാനൊരു ബിംബമെന്ന രീതിയിൽ എങ്ങനെ ഈ വിഭവ സ്രോതസ്സുകളെ ഇന്റഗ്രേറ്റ് ചെയ്യാമെന്നതിന് ഒരു ഉദാഹരണം പറയാം. അതൊരു ഫണലിന്റെ ചിത്രമാണ്. ഒരു ഫണൽ പോലെ നമ്മുടെ ബ്ലോക്കുകളെയും മണ്ഡലത്തേയും പഞ്ചായത്തിനേയും നമുക്ക് കാണേണ്ടതായിട്ടുണ്ട്. ഒരു ഫണലിൽ

എവിടെ വെള്ളം ഒഴിച്ചാലും അത് അതിന്റെ ടെയിലിലൂടെ ഒറ്റ സ്ഥല ത്തേയ്ക്ക് എത്തിച്ചേരും. അതുപോലെ ഒരു മണ്ഡലത്തിൽ വരുന്ന മുഴു വൻ വികസനത്തിനായുള്ള വിഭവങ്ങളും ഇന്റഗ്രേറ്റ് ചെയ്ത് പഞ്ചായ ത്തിന്റെ മാസ്റ്റർ പ്ലാനിലേയ്ക്ക് എത്തിച്ചു കഴിഞ്ഞാൽ ഒരു പഞ്ചായത്തിന് പദ്ധതിയിലൂടെ  ഒരു കോടി രൂപയുടെ പ്രവർത്തനം നടത്താമെങ്കിൽ ആ പഞ്ചായത്തിന് എട്ട് കോടി – ഒമ്പതു കോടി രൂപയുടെ പ്രവർത്തനം നട ത്താമെന്ന അനുഭവത്തിലൂടെയാണ് ഞാൻ ഈ പറയുന്നത്. ഗ്രാമതല ത്തിൽ ഇത് എങ്ങനെ ഇന്റഗ്രേറ്റ് ചെയ്യും; എവിടേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യും? ഈ പരിപാടിയെ അത്തരത്തിൽ ഇന്റഗ്രേറ്റ് ചെയ്ത് പണമെല്ലാം എത്തി ച്ചേരുന്നത് ഗ്രാമ പഞ്ചായത്തിന്റെ നീർത്തടാധിഷ്ടിത വികസന മാസ്റ്റർ പ്ലാനിലേയ്ക്ക് ആകുമ്പോൾ വനത്തിലേതുപോലെ തന്നെ പഞ്ചായ ത്തിലും ആവാസ വ്യവസ്ഥകളുടെ പുന:സൃഷ്ടിക്ക് കളമൊരുങ്ങും എന്ന് നമ്മൾ തിരിച്ചറിയണം. ഈ ഫണൽ സങ്കൽപ്പം യാഥാർത്ഥ്യമാക്കിയാൽ വകുപ്പുകളുടെ ഉദ്ഗ്രഥനവും സാർത്ഥകമാവും. പ്രാദേശിക വികസന ത്തിന്റെ ഉന്നത മാനങ്ങളിൽ കൊച്ചു കേരളത്തെ എത്തിക്കാം.  വികേന്ദ്രീ കൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും ഈ ദിശയിലേ യ്ക്കാണ് പോകേണ്ടത്. സാമൂഹ്യ ക്ഷേമ പദ്ധതിക്ക് കൂടുതൽ പണം നീക്കി വയ്ക്കണം. എന്റെ മണ്ഡലത്തിൽ ഇതുപോലെ തന്നെ 25,000 പേരുള്ള ‘തണൽ’ എന്നുപറയുന്ന പദ്ധതിക്ക് അങ്ങ്  അനുമതി നൽകിയ തിന് നന്ദി രേഖപ്പെടുത്തുകയാണ്. ഇത്തരത്തിലുള്ള പദ്ധതികൾ കൂടുതൽ

രൂപീകരിച്ചുകൊണ്ട്, സാമൂഹ്യക്ഷേമ രംഗങ്ങളിൽ 60 വയസ് കഴിഞ്ഞ വൃദ്ധരായവരെ സംരക്ഷിക്കുന്ന പദ്ധതികളും ഈ ഇന്റഗ്രേഷനിലൂടെ തന്നെ പഞ്ചായത്തിന് നടപ്പിലാക്കാൻ കഴിയും. 25,000 പേരും എന്റെ മണ്ഡലത്തിൽ മാത്രമുള്ള 'തണൽ' പദ്ധതി കേരളമൊട്ടാകെ വികസിപ്പിച്ചു കഴിഞ്ഞാൽ ഒരുപാട് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. അങ്ങനെ സമസ്ത മേഖലകളിലും ഉദ്ഗ്രഥനം. താഴേത്തട്ടിൽ ആവശ്യമായ സമയത്ത് ഏറ്റവും അധികം ഉദ്ഗ്രഥനം വേണ്ടത് അത് നേതൃത്വം നൽകുന്ന സംസ്ഥാന-കേന്ദ്ര ഭരണ കൂടങ്ങൾക്കാണ്. ഒരു വശത്ത് വികേന്ദ്രീകരണത്തിന്റെ ദർശനത്തിനെതിരായി സാമ്പത്തിക നയം നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരും ഗ്രാമ-ബ്ലോക്ക്-ജില്ല-നഗരവും വ്യത്യസ്തമായി നടപ്പിലാക്കുന്ന സംസ്ഥാന ഭരണകൂടവും ചേർന്ന് അധികാര വികേന്ദ്രീകരണത്തിന്റെ ദാർശനിക ലക്ഷ്യം തകർക്കുകയും വെറും പ്രായോഗിക വാദത്തിന്റെ മേഖലയായി മാറ്റുകയും ചെയ്ത് ജനകീയാസൂത്രണത്തിന്റെ സാധ്യതകളെ തകർക്കുന്ന സർക്കാരിന്റെ നയത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ട് ഈ ഡിമാന്റുകളെ എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ : സർ, ഈ സഭയിൽ ഇരിക്കുന്ന പ്രതിപക്ഷാംഗങ്ങളെ മുഴുവൻ അടക്കി ആക്ഷേപിക്കുന്ന തരത്തിൽ ഈ സഭയുടെ പ്രസ് ചേമ്പറിൽ വച്ച് ഒരു പത്ര സമ്മേളനം ചീഫ് വിപ്പ് നടത്തി. അദ്ദേഹം പറഞ്ഞു മന്ത്രി ശ്രീ. കെ.ബി.ഗണേഷ് കുമാർ സ്പോൺസർ ചെയ്തതാണ് അടിയന്തര പ്രമേയമെന്ന്. ഇങ്ങനെ ആക്ഷേപിക്കുന്നത് ശരിയല്ലെന്നു മാത്രമല്ല ഗുരുതരമായ ആരോപണങ്ങൾ ഇന്നത്തെ സഭാ നടപടികളുമായി ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുണ്ട്......... അതെല്ലാം പരാതിയുണ്ട്, മന്ത്രി പറഞ്ഞത് ശരിയല്ല, അതുപോലെ ഇദ്ദേഹം പറഞ്ഞത് ശരിയല്ല, ഇവിടെ കമ്മിറ്റിയില്ലായിരുന്നു യു.ഡി.എഫ്.ന്റെ കമ്മിറ്റി ഉണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. അത് ഇല്ലായെന്നാണ് ഇവിടെ പറഞ്ഞത്. പ്രതിപക്ഷത്തെ ആക്ഷേപിക്കരുത്. മന്ത്രിമാർ സ്പോൺസർ ചെയ്യുന്ന അടിയന്തര പ്രമേയമല്ല പ്രതിപക്ഷം അവതരിപ്പിക്കുന്നത്. അത് പറഞ്ഞത് ചീഫ് വിപ്പാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി.ദിവാകരൻ, പ്രതിപക്ഷത്തെ ആക്ഷേപിക്കുന്ന ഒരു നടപടിക്കും ചെയർ കൂട്ടുനിൽക്കുകയില്ല.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. പി.കെ.അബ്ദു റബ്ബ്): സർ, കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ നടന്ന അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ ബഹുമാന്യനായ പി.ശ്രീരാമകൃഷ്ണന് അൺഎയ്ഡഡ് മേഖലയിൽ സ്ഥാപനങ്ങളുണ്ടെന്ന രീതിയിൽ ഞാൻ പറഞ്ഞു. പക്ഷേ അന്ന് അദ്ദേഹം അത് നിഷേധിച്ചു. അദ്ദേഹം അതിന്റെ ഡയറക്ടറാണെന്നു ഞാൻ പറഞ്ഞു. ഞാൻ ഡയറക്ടറല്ല ഒന്നുമല്ലായെന്നു പറ

ഞ്ഞു. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും അതിന്റെകൂടെ കൂടി. ഞാൻ പറഞ്ഞത് വാസ്തവ വിരുദ്ധമാണെന്ന് പറഞ്ഞു. എന്നെക്കൊണ്ട് നിർബന്ധമായി പിൻവലിപ്പിച്ചു. ഇപ്പോൾ ബഹുമാന്യനായ ഷാജി ഇവിടെ പ്രസംഗിച്ചു കഴിഞ്ഞപ്പോൾ ഇക്കാര്യങ്ങളെല്ലാം വളരെ വ്യക്തമായി. രേഖ തന്നെ ഹാജരാക്കി. മാത്രവുമല്ല, കഴിഞ്ഞ വെള്ളിയാഴ്ച തന്നെ ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചീഫ് പ്രൊമോട്ടറായി ക്കൊണ്ടുള്ള പ്രവാസി ഇന്റർ നാഷണൽ എഡ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റേത് വെബ്സൈറ്റിൽ നിന്ന് എടുത്ത് പ്രദർശിപ്പിച്ച് അര മണിക്കൂർ കഴിഞ്ഞപ്പോൾ വെബ്സൈറ്റിൽ നിന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ ഫോട്ടോ പോവുകയും ചെയ്തു. ആ കാര്യത്തിന് ഇപ്പോഴും, പേഴ്സണൽ എക്സപ്ലനേഷൻ നടത്തിയപ്പോഴും ശ്രീ. പി.ശ്രീരാമകൃഷ്ണൻ മറുപടി പറഞ്ഞിട്ടില്ല. മാത്രവുമല്ല, എഞ്ചിനീയറിംഗ് കോളേജിന്റെ ബ്രോഷർ എന്റെ കൈയിലുണ്ട്. അതോടൊപ്പംതന്നെ അതേ ട്രസ്റ്റിന്റെ ഭാഗമായി ട്ടുള്ള കോളേജിനാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി അഫിലിയേഷൻ കൊടുത്തിട്ടുള്ളത്. ഇവിടെ കളവ് പറഞ്ഞത് ഞാനല്ല, വസ്തുതാവിരുദ്ധ മായ കാര്യങ്ങൾ പറഞ്ഞത് ഞാനല്ല, ശ്രീ. പി. ശ്രീരാമകൃഷ്ണനും പ്രതി പക്ഷ ഉപനേതാവുമാണ്. അത് അവർ പിൻവലിക്കണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ,......

മി. സ്പീക്കർ : അങ്ങ് ചീഫ് പ്രൊമോട്ടറായിട്ട് ഇതിലുണ്ടോ ഇല്ലയോ എന്നതാണ് പ്രശ്നം. അതുണ്ടെന്ന് പറഞ്ഞു. അങ്ങേയ്ക്ക് പറയാനുള്ളത് എന്താണ്?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് ഞാനൊരു എഞ്ചിനീയറിംഗ് കോളേജിന്റെ ഡയറക്ടർ ബോർഡ് മെമ്പറാണെന്നാണ്. ഞാനല്ലായെന്ന് നിഷേധിക്കുന്നു.

മി. സ്പീക്കർ : അങ്ങനെ പറഞ്ഞില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : പ്രവാസി എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ വിദ്യാഭ്യാസ കാര്യങ്ങൾക്കായി ഉപദേശക സമിതി സ്വഭാവത്തിലുള്ള ഒരു പ്രൊമോട്ടിംഗ് കൗൺസിലുണ്ട്. ആ കൗൺസിൽ അഞ്ച് കൊല്ലം മുമ്പ് രൂപീകരിച്ചതാണ്. അതിനെക്കുറിച്ച് അദ്ദേഹം ചോദിച്ചിട്ടില്ല. ആ കാര്യത്തിൽ മാത്രം വച്ചുകൊണ്ട് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഡയറക്ടർ ബോർഡിലോ ഉടമസ്ഥാവകാശത്തിലോ ഇല്ല. ഈ ട്രസ്റ്റിന് മാനേജുമെന്റ് കമ്മിറ്റിയുണ്ട്. ഡയറക്ടർ ബോർഡുണ്ട്, ഗവേണിംഗ് ബോഡിയുണ്ട്, കോളേജ് മാനേജുമെന്റ് കമ്മിറ്റിയുണ്ട്. ഇതൊന്നുമായി ബന്ധമില്ലാത്ത ഒരു പ്രൊമോട്ടിംഗ് കൗൺസിലാണത്. ആ പ്രൊമോട്ടിംഗ് കൗൺസിലിനെക്കുറിച്ച് ആക്ഷേപങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ഇവിടെ നിങ്ങൾ രണ്ടുകൂട്ടരും നിലപാടുകളിൽ ഉറച്ചു നിൽക്കുന്നു. ആരോപിച്ച ആരോപണങ്ങളിൽ ഉറച്ചു നിൽക്കുന്നു. ഇത്തരം സന്ദർഭങ്ങളിലെല്ലാം കീഴ്വഴക്കങ്ങളും നിയമങ്ങളുമില്ലേ?.

ശക്തർ ആന്റ് കൗൾ പേജ് 963, ഇത്തരം സന്ദർഭങ്ങൾ വന്നാൽ ഒരംഗം പറയുന്നു എനിക്കതിൽ ബന്ധമില്ല. വേറൊരംഗം ഉണ്ടെന്ന് പറയുന്നു. രണ്ടും രേഖകൾ കാണിച്ചു. എന്തുമാകട്ടെ, രേഖകൾ ഒന്നും ചെയർ കണ്ടിട്ടില്ല. ഇത്തരം സന്ദർഭത്തിൽ പരിഹാരമെന്നു പറയുന്നത്, When allegations are made by a member against another member or a minister and the latter denies those allegations, the denial should normally be accepted by the member who made the allegations unless he is sure about the correctness of the charges made and is prepared to take full responsibility for the same. Where both the member who made the allegations and the member or the minister against whom those allegation have been made stick to their respective versions and are prepared for an inquiry being held by the Speaker, they may be asked to adduce such evidence as may be in their possession in support of their statements. After examining the evidence and going in to the facts of the case, the Speaker may inform the House of the result of his findings.